ക്രിസ്ത്യൻ ഫോക്കസ്
CHRISTIAN FOCUS
A Christian News Magazine
2019 സെപ്റ്റംബർ 5
പേജ് 8
വാല്യം 4 ലക്കം 9 | കോട്ടയം | News Paper Reg. (RNI) No. KERMAL/2015/68940





# ദുരന്തങ്ങൾ ഒഴിയാതെ കേരളം...

ഒരു മഹാപ്രളയം വരുത്തിവച്ച കെടുതികളിൽ നിന്നും കരകയറുവാൻ പാടുപെടുന്നതിനിടെ വീണ്ടും കേരളത്തിൽ കൊടുംമഴയും ജലപ്രളയവും ഉരുൾപ്പൊട്ടലുകളും മണ്ണിടിച്ചിലുകളും.... വയനാട് ജില്ലയിലെ പുത്തുമലയിലും മലപ്പുറം ജില്ലയിലെ കവളപ്പാറയിലും അപ്രതീക്ഷിതമായുണ്ടായ വലിയ ഉരുൾപ്പൊട്ടലുകൾ ഉൾപ്പടെ കഴിഞ്ഞ ഓഗസ്റ്റ് മാസം 8,9 തീയതികളിൽ കേരളത്തിലുണ്ടായ അതിശക്തമായ മഴക്കെടുതികളിൽ പൊലിഞ്ഞത് 100-ലധികം മനുഷ്യ ജീവിതങ്ങൾ...! നിരവധി ആളുകൾക്ക് പരിക്കുമേറ്റു. കനത്ത മഴയുടെ മുന്നറിയിപ്പ് കാലാവസ്ഥ കേന്ദ്രങ്ങൾ നൽകിയിരുന്നെങ്കിലും പെട്ടെന്നായിരുന്നു എല്ലാം....2018 ഓഗസ്റ്റിലുണ്ടായ കനത്ത മഴയിലും ജലപ്രളയത്തിലും തകർന്നടിഞ്ഞ ജീവിതത്തിൽ നിന്ന് ഒരു വിധത്തിൽ സാധാരണ നിലയിലേക്ക് വരുന്നതിനിടെയാണ് ഈ വർഷവും അതേ മാസം അതേ തീയതികളിൽ ദുരന്തങ്ങൾ പെരുമഴയുടെയും ഉരുൾപ്പൊട്ടലിന്റെയും രൂപത്തിൽ വന്ന് നാശം വിതച്ചത്. പല കുടുംബങ്ങളിലും ഒന്നോ രണ്ടോ പേർ മാത്രം...! ബാക്കിയെല്ലാവരും മൺമറഞ്ഞുപോയി...! ചില കുടുംബങ്ങളാകട്ടെ ആരും ശേഷിക്കാതെ ഒന്നാകെ കാണാതായി...! പലരും രക്ഷപ്പെട്ടത് തലനാരിഴ വ്യത്യാസത്തിൽ...! അങ്ങനെ കുടുംബവും പ്രിയപ്പെട്ടവരും വീടും അദ്ധ്വാനവുമെല്ലാം നിമിഷനേരം കൊണ്ട് മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി...! നിസ്സഹായരായി ഇതെല്ലാം കൺമുന്നിൽ കണ്ട് പലരും ജീവച്ഛവമായിപ്പോയതും ഹൃദയഭേദകമായ യാഥാർത്ഥ്യമാണ്...! ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ആഴ്ചകൾ നീണ്ട തിരച്ചിലിലും കണ്ടുകിട്ടാത്ത മൃതദേഹങ്ങൾ ഇനിയുമുണ്ട് എന്നോർക്കുമ്പോഴാണ് ദുരന്തങ്ങള്ളുടെ ഭീകരത നാം വിചാരിക്കുന്നതിനും അപ്പുറമാണെന്നു തിരിച്ചറിയുന്നത്. ഈ



ദുരന്തങ്ങൾക്കുശേഷം മാനമിരുണ്ട് കാണുമ്പോൾതന്നെ മനുഷ്യമനമിടിക്കുകയാണ്...! ഉൾഭയം ഉരുണ്ടുകൂടുകയാണ്...ഒപ്പം പ്രാർത്ഥനയും! ഓരോ മഴ പെയ്യുമ്പോഴും ദുരന്തങ്ങൾ ആവർത്തിക്കരുതേ എന്ന പ്രാർത്ഥന! പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ശക്തമായ മഴയും വെള്ളപ്പൊക്കവും മൂലം മരണമടക്കമുള്ള വലിയ നാശനഷ്ടങ്ങളുണ്ടായി. ഏതായാലും കേരളം ഇപ്പോൾ അതിജീവനത്തിന്റെ അദ്ധ്വാനത്തിലാണ്. വേർപാടിന്റെയും നഷ്ടങ്ങളുടെയും മനോവേദനയിലും ദുഃഖത്തിലും കഴിയുന്നവർക്ക് സഹായ ഹസ്തം നീട്ടി സ്നേഹത്തിന്റെയും പരോപകാരത്തിന്റെയും സൽപ്രവർത്തികളിലൂടെ നമുക്ക് ഓരോരുത്തർക്കും നല്ല ശമര്യാക്കാരനാകാം...അതിജീവനത്തിന്റെ കൈത്താങ്ങായി മാറാം.



## ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിന് സ്ഥലം സൗജന്യമായി നൽകി ശാരോൻ ഫെലോഷിപ് ചർച്ച്

### സഭയ്ക്ക് മുഖ്യമന്ത്രിയുടെ അനുമോദനം

**കണ്ണൂർ:** പായം ഗ്രാമ പഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുവാൻ വള്ളിത്തോട് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി 50 സെന്റ് സ്ഥലം സൗജന്യമായി നൽകിയ ശാരോൻ ഫെലോഷിപ് ചർച്ചിന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെയും പായം ഗ്രാമ പഞ്ചായത്തിന്റെയും അനുമോദനം. സഭയ്ക്ക് പായം ഗ്രാമ പഞ്ചായത്ത് നൽകിയ ഉപഹാരം മുഖ്യമന്ത്രിയിൽ നിന്നും സ.ഇ.എം. ജനറൽ സെക്രട്ടറി പാസ്റ്റർ ജോമോൻ ജോസഫ് ഏറ്റുവാങ്ങി. ഇരിട്ടി എം.എൽ.എ സണ്ണി ജോസഫ്, സിപിഎം ജില്ലാ സെക്രട്ടറി എം.വി.ജയരാജൻ, സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി അഡ്വ. അപ്പുക്കുട്ടൻ തുടങ്ങിയ സാസ്കാരിക-രാഷ്ട്രീയ പ്രമുഖർ സമ്മേളനത്തിൽ പങ്കെടുത്തു.

## റിവൈവൽ സണ്ടേസ്ക്കൂൾ ബോർഡ് ഏകദിന സെമിനാർ

**മല്ലപ്പള്ളി:** ഇൻഡ്യാ റിവൈവൽ അസംബ്ലി ദൈവസഭയുടെ സണ്ടേസ്കൂൾ ബോർഡിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 21 ശനിയാഴ്ച രാവിലെ 9 മുതൽ 2 മണിവരെ പാടിമൺ ഐ.ആർ.എ ചർച്ചിൽ കുട്ടികൾക്കുവേണ്ടി സെമിനാർ നടക്കും. പപ്പറ്റ് ഷോ, ബിബ്ലിക്കൽ മാജിക് ഷോ, മോറൽ കഥകൾ, ഗാന പരിശീലനം എന്നിവ ഉണ്ടായിരിക്കും. 'ചൈൽഡ് വിഷൻ ഇന്ത്യാ' ഡയറക്ടർ റവ.ജോൺ ഫിലിപ് ക്ലാസ്സുകൾ നയിക്കും. കുട്ടികൾക്കും കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്നവർക്കും പങ്കെടുക്കാം. സണ്ടേസ്കൂൾ ബോർഡ് ഡയറക്ടർ പാസ്റ്റർ ഷിബു ജോ



ജോൺ ഫിലിപ്

സഫ്, സെക്രട്ടറി ഇവാ. പി.സി.തോമസ്, കമ്മറ്റിയംഗങ്ങളായ പാസ്റ്റർ ജേക്കബ് ദാനിയേൽ, ബ്രദർ ജേക്കബ് കുട്ടി, ബ്രദർ ബാബു കെ.എ. എന്നിവർ നേതൃത്വം നൽകുന്നു. ഫോൺ: 9747459561.

## മല്ലപ്പള്ളി യുപിഎഫ് ക്വിസ് മത്സരം

**മല്ലപ്പള്ളി:** മല്ലപ്പള്ളിയിലെ യുണൈറ്റഡ് പെന്തക്കോസ്ത് ഫെലോഷിപ്പിൽ ഉൾപ്പെട്ടു നിൽക്കുന്ന സഭകളെ പങ്കെടുപ്പിച്ചുകൊണ്ട് എംയുപിഎഫിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 13-നു 3 മണിക്ക് സുവാർത്താ സഭാഹാളിൽ ബൈബിൾ ക്വിസ് മത്സരം നടത്തുന്നു. സുവിശേഷങ്ങളിൽ നിന്നുമാണ് ചോദ്യങ്ങൾ. വിജയികൾക്ക് 15000 രുപയുടെ സമ്മാനങ്ങളും പങ്കെടുക്കുന്നവർക്കെല്ലാം പ്രോത്സാഹന സമ്മാനങ്ങളും നൽകും. പാസ്റ്റർമാരായ ബിനോയി മാത്യു, ടി.അലക്സ് മോൻ എന്നിവർ കൺവീനർമാരായി പ്രവർത്തിക്കുന്നു.



## സൗത്ത് ഇന്ത്യാ എ.ജി. ജനറൽ കോൺഫറൻസ്


ഡി. മോഹൻ


വി.റ്റി.ഏബ്രഹാം


ഐവൻ പവാർ

**കോഴിക്കോട്:** സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് 37-ാമത് ജനറൽ കോൺഫറൻസ് സെപ്റ്റംബർ 24 മുതൽ 26 വരെ കന്യാകുമാരി ട്രൈ സീ ഹോട്ടൽ ഗ്രൗണ്ടിൽ നടക്കും.

അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ ജനറൽ സൂപ്രണ്ട് റവ.ഡോ. ഡി.മോഹൻ, എസ്.ഐ.എ.ജി. ജനറൽ സൂപ്രണ്ട് റവ.ഡോ. വി.റ്റി.ഏബ്രഹാം, നോർത്ത് ഇന്ത്യാ ജനറൽ സൂപ്രണ്ട് റവ.ഐവൻ പവാർ എന്നിവർ പ്രസംഗിക്കും. ഓർഡെയ്ൻഡ് ശുശ്രൂഷകനമാർക്കും സഭാ പ്രതിനിധികൾക്കും പങ്കെടുക്കാം. 1000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

## ഒന്നാം റാങ്ക് നേടി ബ്ലെസി പീറ്റർ



**തൃശ്ശൂർ:** കോഴിക്കോട് യൂണിവേഴ്സിറ്റി എം.എസ്.സി. ജനറൽ ബയോടെക്നോളജിയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി തൃശ്ശൂരിലെ ബ്ലെസി പീറ്റർ പെന്തക്കോസ്തു സമൂഹത്തിന് അഭിമാനമായി. ഐപിസി കട്ടിലപ്പൂവം ശാലേം സഭാംഗങ്ങളായ സുവി. വി.ഡി.പീറ്ററിന്റെയും ഷാജി പീറ്ററിന്റെയും മകളാണ്. തൃശ്ശൂർ സെന്റ് മേരീസ് കോളജ് വിദ്യാർത്ഥിനിയാണ്. ബെനഡിക്ട് പീറ്റർ സഹോദരനാണ്. പിവൈപിഎ-സണ്ടേസ്ക്കൂൾ പ്രവർത്തകകൂടിയായ ബ്ലെസിക്ക് പിഎച്ച്ഡി ചെയ്യണമെന്നാണ് ആഗ്രഹം.

## ഐ.ആർ.എ. മാസയോഗം

**മല്ലപ്പള്ളി:** ഇൻഡ്യാ റിവൈവൽ അസംബ്ലി സഭകളുടെ മാസയോഗം സെപ്റ്റംബർ 7-നു ശനിയാഴ്ച പാടിമൺ ഐആർഎ സഭാ ഹാളിൽ നടക്കും. പാസ്റ്റർ പി.സാംകുട്ടി മുഖ്യ സന്ദേശം നൽകും. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള ശുശ്രൂഷകരും വിശ്വാസികളും പങ്കെടുക്കും. പാസ്റ്റർ ഷിബു ജോസഫ് പാടിമൺ സഭയിൽ ശുശ്രൂഷിക്കുന്നു.



## ഐ.ആർ.എ. പ്രാർത്ഥനാ സമ്മേളനം

**വാഴൂർ:** ഇൻഡ്യാ റിവൈവൽ അസംബ്ലി ദൈവസഭയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഓഗസ്റ്റ് 15-നു ഐആർഎ 15-ാം മൈൽ സഭാഹാളിൽ പ്രത്യേക പ്രാർത്ഥനാ സമ്മേളനം നടന്നു. പാസ്റ്റർ സാബു എം.ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സമീപകാല സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിച്ചു. പാസ്റ്റർ ജേക്കബ് ജോർജ് വചനം പ്രസംഗിച്ചു.



## പ്രകൃതി ദുരന്തം: സ്തോത്രകാഴ്ചയായി ലഭിച്ച പണവും ദുരിതാശ്വാസ നിധിയിലേക്ക് നൽകി

**മൂന്നാർ:** കേരളത്തിലുണ്ടായ മഴക്കെടുതികളിൽ ദുരിതമനുഭവിക്കുന്ന സഹജീവികൾക്ക് ഒരു സഭാശുശ്രൂഷകൻ സഹായ ഹസ്തം നീട്ടിയത് സ്തോത്രകാഴ്ച നൽകിക്കൊണ്ട്. മൂന്നാർ കുഞ്ചിത്തണ്ണി ന്യൂ ഇൻഡ്യാ ദൈവസഭാ ശുശ്രൂഷകൻ പാസ്റ്റർ സാംകുട്ടി ജോൺ ആണ് ഇങ്ങനെ ശ്രദ്ധേയനായത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള തന്റെ സഹായം വൈദ്യുതി വകുപ്പ് മന്ത്രി എം.എം.മണിക്ക് കൈമാറിയാണ് സമൂഹത്തോടുള്ള പ്രതിബദ്ധത അദ്ദേഹം നിർവഹിച്ചത്.

ശ്വാസകോശത്തിൽ ക്യാൻസർ ബാധിച്ച് ഓപ്പൺ സർജറിക്ക് നിർദ്ദേശിക്കപ്പെട്ട പാസ്റ്ററിന്റെ ചികിത്സയ്ക്ക് വലിയ തുക ആവശ്യമുണ്ടായിരുന്നിട്ടും തന്റെ ഒരാഴ്ചത്തെ സ്തോത്രകാഴ്ചയും വരുമാനവും ദുരിതാശ്വാസ നിധിയിലേക്ക് നൽകുകയായിരുന്നു.


സാറാമ്മ സണ്ണി

## ആർ.ഡബ്ല്യു.എം. വനിതാ സെമിനാർ

**കോട്ടയം:** ഇൻഡ്യാ റിവൈവൽ അസംബ്ലി ദൈവസഭയുടെ സഹോദരീ കൂട്ടായ്മയായ റിവൈവൽ വിമൻസ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 14-ന് രാവിലെ 10 മുതൽ 2 വരെ വാഴൂർ 15-ാം മൈൽ പെൻഷൻ ഭവൻ ഹാളിൽ വനിതാ സെമിനാർ നടക്കും. സിസ്റ്റർ സാറാമ്മ സണ്ണി (പ്രസിഡന്റ്, പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യാ വിമൻസ് കൗൺസിൽ) വചനം പ്രസംഗിക്കും. സഹോദരിമാരായ അന്നമ്മ ജേക്കബ് (പ്രസിഡന്റ്, ആർ.ഡബ്ല്യു.എം.), കുഞ്ഞുമോൾ കാട്ടാമല (സെക്രട്ടറി, ആർ.ഡബ്ല്യു.എം), ജോയമ്മ സാബു (ട്രഷറർ) എന്നിവർ നേതൃത്വം നൽകും.

## ഐപിസി മലബാർ മേഖലാ കൺവൻഷൻ

**പെരിന്തൽമണ്ണ:** ഐപിസി മലബാർ മേഖലാ കൺവൻഷൻ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ 2020 ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ നടക്കും. ജൂലൈ 11ന് ഐപിസി പെരിന്തൽമണ്ണ സഭയിൽ കൂടിയ മേഖലാ മീറ്റിംഗിൽ വൈസ് പ്രസിഡന്റ് പാസ്റ്റർ സന്തോഷ് മാത്യു അദ്ധ്യക്ഷനായിരുന്നു. കൺവൻഷനോടനുബന്ധിച്ച് ജനുവരി 31ന് മലബാർ മേഖലാ ശുശ്രൂഷക സമ്മേളനവും സുവിശേഷറാലിയും വിവിധ പദ്ധതികളുടെ ഉദ്ഘാടനവും നടക്കും. മേഖലാ സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. മേഖലാ പ്രസിഡന്റ് വിദേശത്ത് ആയതിനാൽ വൈസ് പ്രസിഡന്റ് പാസ്റ്റർ സന്തോഷ് മാത്യുവിനു പ്രവർത്തന ചുമതലകൾ നൽകി.

## 'വിശ്വാസ ജീവിത പടകിൽ' പ്രകാശനം ചെയ്തു

**തൃശ്ശൂർ:** പ്രശസ്ത ഗാനരചയിതാവ് സുവിശേഷകൻ ജോർജ്ജ് പീറ്റർ ചിറ്റൂരിന്റെ ജീവിതാനുഭവങ്ങളും ഗാനങ്ങളുടെ പശ്ചാത്തലവിവരണവും അടങ്ങിയ 'വിശ്വാസജീവിതപടകിൽ' എന്ന ആത്മകഥയുടെ പ്രകാശനം ജൂലൈ 14നു നെല്ലിക്കുന്ന് സീയോൻ ബ്രദറൺ ഓഡിറ്റോറിയത്തിൽ നടന്നു. എൻ.വി. ഗോഡ്‌ലി ആദ്യപ്രതി ടി.എസ്. ജെയിംസിനു നൽകി പ്രകാശനം നിർവ്വഹിച്ചു. ലിജോ വർഗ്ഗീസ് പാലമറ്റമാണ് ഗ്രന്ഥരചന. ഡോ. ബാബു വർഗ്ഗീസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ചാണ്ടപ്പിള്ള ഫിലിപ്പ്, ജോർജ്ജ് കോശി മൈലപ്ര എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ടോണി ഡി. ചോവ്വൂക്കാരൻ ആശംസാസന്ദേശം നൽകി. ചാൾസ് ജോൺ, വി.ജെ. മാത്യു, എ.ഡി. ജെയിംസ്, ലാൽ തോമസ്, ചാർലി പാലമറ്റം എന്നിവർ ഗാനവിശകലനം നടത്തി.

'കർത്താവിൽ എന്നും എന്റെ ആശ്രയം', 'വിശ്വാസജീവിത പടകിൽ', 'എന്നെ കരുതുവാൻ കാക്കുവാൻ', 'യേശു സന്നിധാനം' എന്നു തുടങ്ങി 150-ൽ പരം ഗാനങ്ങൾ രചിച്ചിട്ടുള്ള ജോർജ്ജ് പീറ്ററിന്റെ തിരഞ്ഞെടുത്ത ഏതാനും ഗാനങ്ങൾ കോർത്തിണക്കി സംഗീത വിരുന്നു നടന്നു.

INTERNATIONAL ACADEMY OF
FIVE FOLD MINISTRIES
കോഴിക്കോട്
Kingdom and Glory Worship Centre
Dream World Complex, 5/2975 C3
Opp. Baby Memorial Hosp. New Block
Arayidathupalam, Calicut, Kerala 673004
08 to 22
September 2019
Pr. സന്തോഷ് ഡേവിഡ് & ടീം
കിംഗ്ഡം & ഗ്ലോറി മിനിസ്ട്രീസ് ( ഇന്ത്യ & ആഫ്രിക്ക )
04:30 pm
10:00 pm
07:00 am
₹3000/-
₹2000/-
+91 892144 7262 / +91 94465 35300

വചനസന്ദേശം



# തോറ്റുപോയ ഭൂരിപക്ഷവും വിജയം നേടിയ ന്യൂനപക്ഷവും



റവ: മാത്യൂസ് ഇട്ടി ഫ്ളോറിഡ

തുടർച്ച...

***ദൃശ്യമായ സൈന്യത്തെ പരാജയപ്പെടുത്തുന്ന അദൃശ്യമായ അഗ്നിമയ അശ്വങ്ങളും രഥങ്ങളും (രാജാ.6:8–23)***

യിസ്രായേലിനു യുദ്ധം പുതുമയല്ല അവർ നിരന്തരം യുദ്ധമുന്നണിയിലാണ്. ഇവിടെ അരാമ്യ പടയാണിപ്പോൾ യുദ്ധത്തിനെത്തിയിരിക്കുന്നത്. അരാം രാജാവിനെ അലട്ടുന്ന വിഷയം യിസ്രായേലിനോടുള്ള യുദ്ധങ്ങളിലെല്ലാം തോൽക്കുവാൻ കാരണം രാജാവിനെ ശയന ഗൃഹത്തിലെ സംസാരംപോലും ചോർത്തിയെടുത്ത് തന്റെ ശത്രുക്കളെ അറിയിക്കുന്ന ഒരാൾ ഉണ്ടെന്നുള്ളതാണ്. അത് മറ്റാരുമല്ല ഏലീശ എന്ന ഒരു പ്രവാചകനാണെന്നും രാജാവിന് ബോധ്യമായി. എങ്കിൽ അയാളെ നശിപ്പിക്കുക തന്നെ. ഒരു രാജ്യത്തെ നശിപ്പിക്കത്തക്ക സൈനിക ശേഷിയുള്ള അരാം രാജാവിന് അത് തികച്ചും നിസ്സാര കാര്യമാണ്. 'അവൻ (ഏലീശ) ദോഥാനിൽ ഉണ്ടെന്നു അവന് അറിവു കിട്ടി. അവൻ അവടേക്ക് ശക്തിയുള്ള സൈന്യത്തെ കുതിരകളും രഥങ്ങളുമായി അയച്ചു. അവർ രാത്രിയിൽ ചെന്ന് പട്ടണം വളഞ്ഞു' (1രാജാ.6:13,14). ദൈവവചനത്തിന്റെ ആധികാരികതയും വാഗ്ദത്തങ്ങളും ആത്മീയ ദൃഷ്ടിയും ഇല്ലാത്ത പ്രവാചക ശിഷ്യൻ ആകെ ഭയപ്പെട്ടു. പ്രവാചകനാകട്ടെ ശിഷ്യന്റെ കണ്ണു തുറക്കുവാൻ ദൈവത്തോട് പ്രാർത്ഥിച്ചു. 'യെഹോവ ബാല്യക്കാരന്റെ കണ്ണ് തുറന്നു. ഏലീശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളുംകൊണ്ട് മല നിറഞ്ഞിരിക്കുന്നത് അവൻ കണ്ടു' (1രാജാ.6:17). ശത്രു എത്ര പ്രബലനായിരുന്നാലും അവനോടു പെരുതുവാൻ സൈന്യബലം തേടേണ്ടതില്ല. അവരോടുകൂടയുള്ളവരെക്കാൾ അധികം ദൈവമക്കളോടൊപ്പമുണ്ട്. അതത്രെ ദൃശ്യമായതിനെ അതിജീവിക്കുന്ന അദൃശ്യ ശക്തി.

***ആകാശത്തിൻകീഴുള്ള സകല ജാതികളിൽ നിന്നും യെരുശലേമിൽ എത്തിയ യെഹൂദന്മാരെ ഭ്രമിപ്പിച്ച നൂറ്റിരുപതു പേരുള്ള ചെറിയ സംഘത്തിൽ പകർന്ന ആത്മശക്തി (അപ്പൊ.പ്രവ.1,2)***

യെരുശലേമിലെ യെഹൂദന്റെ ദേവാലയം സകല യെഹൂദർക്കുമുള്ളതാണ്. യഥാസമയങ്ങളിൽ അവിടെ ആഘോഷിക്കപ്പെടുന്ന പെരുന്നാളുകളിൽ സംബന്ധിക്കുവാൻ സകല യെഹൂദരും യെരുശലേമിൽ കൂടാറുണ്ട്. എന്നാൽ കാലക്രമേണ ദേവാലയം ആരാധനയ്ക്കും ഉത്സവങ്ങൾക്കും പകരം കച്ചവട സ്ഥലമായും കള്ളന്മാരുടെ ഗുഹയായും മാറി. ദൈവ പരിശുദ്ധാത്മാവിനു ഇറങ്ങിവരുവാൻ കഴിയാത്ത അവസ്ഥയിലേക്ക് ദേവാലയം മാറ്റപ്പെട്ടു. അതുകൊണ്ട് കാത്തിരിക്കുന്ന ഒരു ചെറിയ സംഘത്തിന്മേൽ ദൈവം പരിശുദ്ധാത്മാവിനെ പകർന്നു. 'പെന്തക്കോസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടിയിരുന്നു. പെട്ടെന്ന് കൊടിയ കാറ്റ് അടിക്കുന്നതുപോലെ ആകാശത്തുനിന്ന് ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീട് മുഴുവനും നിറച്ചു. അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെമേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി' (അപ്പൊ.പ്രവ.2:1–4). ആലയം എത്ര പ്രൗഢഗംഭീരമായിരുന്നാലും ജനത്തിരക്ക് ഏറിയാലും ആലയത്തിൽ കച്ചവടവും കള്ളത്തരവും ഉള്ളിടത്തോളം കാലം ആത്മാവ് ഇറങ്ങുകയില്ല. മറിച്ച് കൂട്ടം ചെറുതായിരുന്നാലും കൂടിവരുവാൻ ഇടമില്ലെങ്കിലും കാത്തിരിക്കുന്നവരുടെമേൽ ആത്മാവ് ഇറങ്ങിവരും, ശക്തിയോടെ. ആ ശക്തി ഇതുവരെയും ആരും കണ്ടിട്ടില്ലാത്ത ശക്തിയുമാണ്.

***ധനത്തിന്റെ സ്വാധീനത്തെ തോൽപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി (അപ്പൊ.പ്രവ.5:1–11)***

അനന്യാസ്-സഫീറ ദമ്പതികളുടെ ദാരുണാന്ത്യമാണ് ഇവിടെ കാണുന്നത്. കാരണമെന്ത്? അവരുടെ നിലം വിറ്റതോ അപ്പൊസ്തലന്മാരുടെ കാൽക്കൽ ആ പണം കൊണ്ടുവച്ചതോ, വിറ്റ പണത്തിൽ കുറെ എടുത്തതോ ഒന്നുമല്ല ആ ദുരന്തത്തിന്റെ കാരണം. മറിച്ച് പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ചു എന്നതാണ് അവരുടെ അന്ത്യത്തിനു കാരണം. 'അപ്പോൾ പത്രൊസ്: അനന്യാസേ, പരിശുദ്ധാത്മാവിനോട് വ്യാജം കാണിപ്പാനും നിലത്തിന്റെ വിലയിൽ കുറെ എടുത്തു വയ്ക്കാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതെന്ത്?' (അപ്പൊ.5:3). 'പത്രൊസ് അവളോട്: കർത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങൾ തമ്മിൽ ഒത്തത് എന്ത്?' (5:9). ലോകം കണ്ടിട്ടുള്ളതിൽ വച്ചേറ്റവും വലിയ ശക്തി ആണവായുധ ശക്തിയല്ല പിന്നെയോ പരിശുദ്ധാത്മ ശക്തിയാണ്.

ദൈവസഭയുടെ ഉടമസ്ഥൻ ചങ്കിലെ ചോര നൽകിയ യേശുകർത്താവ് മാത്രമാണ്. ദൈവസഭയുടെ നടത്തിപ്പുകാരൻ പ്രസിഡന്റോ ഓവർസീയറോ കമ്മറ്റിയോ ജനറൽബോഡിയോ ഒന്നുമല്ല പ്രത്യുത പരിശുദ്ധാത്മാവാണ്. ദൈവസഭയുടെ നടത്തിപ്പിനായി നിയമിച്ചാക്കിയ ശുശ്രൂഷാവൃന്ദങ്ങൾ തികച്ചും പരിശുദ്ധാത്മ നിയോഗമനുസരിച്ചു മാത്രം ശുശ്രൂഷിക്കേണ്ടതാണ്. 'അവൻ ചിലരെ അപ്പോസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു' (എഫെ.4:11).

വെളിപ്പാട് പുസ്തകം 2,3 അധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ഏഴ് സഭകൾ കാലക്രമാടിസ്ഥാനത്തിൽ പഠിച്ചാൽ ഈ സഭാ കാലം അവസാന സഭയായ ലവോദിക്യ സഭയുടെ കാലമാണ്. 'ലവോദിക' എന്ന പദത്തിന്റെ അർത്ഥം തന്നെ ജനങ്ങളാൽ ഭരിക്കപ്പെടുന്നത് (People Ruling) എന്നത്രെ. അവസാനകാല സഭയായ ലവോദിക്യ സഭ ജനങ്ങളാൽ ഭരിക്കപ്പെടുന്ന സഭയായിരുന്നു. ഈ കാലഘട്ടവും അതിൽ നിന്നും വ്യത്യസ്തമല്ല. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടേണ്ടതും ഭരിക്കപ്പെടേണ്ടതുമായ ദൈവസഭയുടെ ഭരണം ഇന്ന് ജനങ്ങളിൽ നിന്നും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവരുടെ കൈവശമാണ്!?

രാജവാഴ്ച, ഏകാധിപത്യം, സ്വേച്ഛാധിപത്യം അങ്ങനെ മനുഷ്യന്റെമേൽ അടിച്ചേൽപ്പിച്ച ദുരന്തങ്ങൾ ഒട്ടനവധിയാണ്. എന്നാൽ അവയെല്ലാം ജനാധിപത്യത്തിനു വഴിമാറിയ കാലമാണിത്. ഒട്ടുമിക്ക രാജ്യങ്ങളും ഒരു പരിധിവരെയെങ്കിലും ജനാധിപത്യ സംവിധാനമുള്ള ഭരണത്തിൻ കീഴാണ്. അത് ഏറെ ആശ്വാസകരമായ കാര്യമാണ് എന്നതിൽ തർക്കമില്ല. പ്രവാചകനായ ദാനിയേൽ ലോക സാമ്രാജ്യങ്ങളെക്കുറിച്ച് കണ്ട ദർശനത്തിലും അതുതന്നെയാണ് കാണുന്നത്. ബിംബത്തിന്റെ കാൽ പാതി ഇരുമ്പുകൊണ്ടും പാതി കളിമണ്ണുകൊണ്ടും. ഒട്ടും ഒരിക്കലും ചേരാത്ത ഇരുമ്പും കളിമണ്ണും ഒന്നിച്ചുചേരുന്നതുപോലെ ഒരിക്കലും ഒന്നുകൊണ്ടും യോജിക്കുവാൻ കഴിയാത്തവർ ഭരണത്തിനുവേണ്ടി, അധികാരത്തിനുവേണ്ടി ഒന്നാകുന്ന സംവിധാനമാണ് അന്ത്യകാലത്തെ ജനാധിപത്യ സംവിധാനം.

ലോകഭരണ സംവിധാനം എങ്ങനെയുമാകട്ടെ, ദൈവസഭയുടെ സംവിധാനം തികച്ചും വ്യത്യസ്തമാണ്. അത് പരിശുദ്ധാത്മാവിന്റെ ഭരണത്തിൻകീഴിൽ തന്നെ ആയിരിക്കണം. അതിൽ നിന്നും വ്യതിചലിച്ച് ഇലക്ഷനും ഇലക്ഷൻ കമ്മീഷനും പണം നൽകിയും സ്വാധീനം ചെലുത്തിയും വോട്ട് പിടിച്ച് അധികാരസ്ഥാനങ്ങളിലെത്തി ഭരണം നടത്തുന്ന സംവിധാനവും വിലകൊടുത്തേ തീരൂ. ദൈവജനം പരിശുദ്ധാത്മാവിന്റെ പൂർണ്ണവിധേയത്വത്തിലും നിയന്ത്രണത്തിലും ആയിരിക്കട്ടെ. ■

## കേന്ദ്ര സർക്കാർ മതപരിവർത്തന നിരോധന ബിൽ പാസ്സാക്കാൻ സാധ്യത

**ന്യൂഡൽഹി:** കേന്ദ്ര സർക്കാർ മതപരിവർത്തന നിരോധന ബിൽ കൊണ്ടുവരാനൊരുങ്ങുന്നതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ലോക്സഭയിൽ പതിപക്ഷത്തിന്റെ പ്രതിഷേധത്തെ നിഷ്പ്രയാസം മറികടന്ന് മുത്തലാഖ് കുറ്റകരമാക്കുന്ന ബിൽ പാസ്സാക്കിയതിന്റെയും ജമ്മു കാശ്മീരിന്റെ പ്രത്യേക പദവി എടുത്തു കളഞ്ഞ് കാശ്മീരിനെയും ലഡാക്കിനെയും കേന്ദ്ര ഭരണ പ്രദേശങ്ങളാക്കിയതിന്റെയും ആത്മവിശ്വാസത്തിൽ രണ്ടാം നരേന്ദ്രമോദി സർക്കാർ മതപരിവർത്തന നിരോധന ബില്ലും അടുത്ത പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിച്ച് പാസ്സാക്കാൻ സാധ്യതയുള്ളതായാണ് ദേശീയ മാധ്യമ റിപ്പോർട്ടുകളിലെ സൂചന. കരട് ബിൽ തയ്യാറായതായും രാജ്യസഭയിൽ ഇത് പാസ്സാകുമെന്ന് സർക്കാരിന് വിശ്വാസമുണ്ടെന്നും ബിജെപി വൃത്തങ്ങൾ അറിയിച്ചു. അരുണാചൽ പ്രദേശ്, ഒഡീഷ, മദ്ധ്യപ്രദേശ്, ഛത്തീസ്ഘഡ്, ഗുജറാത്ത്, ഹിമാചൽപ്രദേശ്, ഝാർഖണ്ട് തുടങ്ങിയ സംസ്ഥാനങ്ങളിൽ മതപരിവർത്തന നിരോധന നിയമം നിലവിലുണ്ടെങ്കിലും കേന്ദ്ര/ദേശീയ തലത്തിൽ ഇത്തരത്തിലൊരു നിയമം ഇല്ലായിരുന്നു.

മതേതര രാഷ്ട്രമായ ഇന്ത്യയിൽ ഓരോ പൗരനും മത സ്വാതന്ത്ര്യത്തിനുള്ള അവകാശം ഭരണഘടന ഉറപ്പു നൽകുന്നുണ്ട്. പ്രസ്തുത മൗലികാവകാശമനുസരിച്ച് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും പിന്തുടരുവാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും ഭരണഘടന അനുശാസിക്കുന്നു.

ക്രൈസ്തവർ ഇതര മതസ്ഥരെ നിർബന്ധിച്ചോ പ്രലോഭിപ്പിച്ചോ മതപരിവർത്തനം നടത്തുന്നില്ല; അങ്ങനെ ഉണ്ടാകാനും പാടില്ല. മറിച്ചുള്ള പ്രചരണം തെറ്റാണ്, വസ്തുതകൾക്കു വിരുദ്ധമാണ്. ഏതായാലും മതപരിവർത്തന വിരുദ്ധ ബില്ലിന്റെ പേരിൽ ഇന്ത്യയിൽ ക്രൈസ്തവർക്ക് വിശിഷ്യാ പെന്തക്കോസ്തു സമൂഹത്തിനു ആശങ്കപ്പെടാനൊന്നുമില്ല.

# ഗുജറാത്തിൽ ശുശ്രൂഷകനും വിശ്വാസികൾക്കും ക്രൂര മർദ്ദനം



**ദെമൻ:** ഗുജറാത്തിലെ ദെമനിൽ ക്രിസ്തീയ ആരാധനക്കെതിരെ ആക്രമണം. വിശ്വാസികൾക്കും ശുശ്രൂഷകനും ക്രൂരമായ മർദ്ദനമേറ്റു. പാസ്റ്റർ സജി മാത്യവിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഫെലോഷിപ് ആശ്രമം സഭയുടെ ദെമനിൽ അമ്പതോളം വിശ്വാസികളുള്ള പ്രാദേശിക സഭയിൽ ഒരുകൂട്ടം സുവിശേഷ വിരോധികൾ അതിക്രമിച്ചു കയറി സഭാ ശുശ്രൂഷകനെയും വിശ്വാസികളെയും മാരകമായി മർദ്ദിച്ച് പരിക്കേൽപ്പിക്കുകയായിരുന്നു. ഇവിടെ ക്രൈസ്തവ പ്രവർത്തനങ്ങളോ ആരാധനയോ പാടില്ല എന്നാക്രോശിച്ചുകൊണ്ടും അസഭ്യ വാക്കുകൾ പറഞ്ഞും മുദ്രാവാക്യം വിളിച്ചുമാണ് പത്തോളം വരുന്ന അക്രമികൾ അതിക്രമിച്ചുകയറിയത്. മർദ്ദനമേറ്റ സഭാശുശ്രൂഷകൻ പാസ്റ്റർ മോഹൻ അമീറിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സഭാഹാളിൽ ഉണ്ടായിരുന്ന ബൈബിളുകൾ, പാട്ടുപുസ്തകങ്ങൾ, മറ്റു സാധന സാമഗ്രികൾ എല്ലാം നശിപ്പിച്ചു. വടക്കേന്ത്യൻ ഗ്രാമങ്ങളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവജനം പ്രാർത്ഥിക്കുക.

# കാമറൂണിൽ ബൈബിൾ പരിഭാഷകൻ കൊല്ലപ്പെട്ടു






**കാമറൂൺ:** വും പട്ടണത്തിൽ ഇസ്ലാമിക ഗോത്രവർഗ്ഗക്കാരായ ഫുലാനികൾ നടത്തിയ ആക്രമണത്തിൽ ഒരു ബൈബിൾ പരിഭാഷകൻ ക്രൂരമായി കൊല്ലപ്പെട്ടു. ഇക്കഴിഞ്ഞ ഓഗസ്റ്റ് 25-നു രാത്രിയിലാണു സംഭവം. വിക്ലിഫ് ബൈബിൾ പരിഭാഷകർക്കൊപ്പം പ്രവർത്തിച്ചുകൊണ്ടിരുന്ന ആൻഗസ് ഏബ്രഹാം ഫംഗി (60) നെയാണ് (Angus Abraham Fung) അക്രമികൾ വീട്ടിൽ കയറി വെട്ടിനുറുക്കി കൊലപ്പെടുത്തിയത്. അദ്ദേഹത്തിന്റെ ഭാര്യയുടെ (എവ്‌ലിൻ) കൈയ്യും അക്രമകാരികൾ വെട്ടിമാറ്റി. അംഗസ് ഏബ്രഹാം ഫംഗ് ഉൾപ്പടെ ഏഴുപേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ആൻഗസ് ഉൾപ്പടെ ഏഴുപേരെ കൊല ചെയ്തതായി ഒയാസിസ് നെറ്റ്‌വർക്ക് ഫോർ കമ്മ്യൂണിറ്റി ട്രാൻസ്ഫോർമേഷൻ എന്ന പ്രേഷിത സംഘടനയ്ക്കു നേതൃത്വം നൽകുന്ന എഫി ടെമ്പോൺ വെളിപ്പെടുത്തി. ആക്രമണത്തിന്റെ കാരണമോ എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നോ അറിയാൻ കഴിഞ്ഞിട്ടില്ലെന്നും ടെമ്പോൺ പറഞ്ഞു. കാമറൂണിലെ അഗെം ബൈബിൾ വിവർത്തന പ്രോജക്റ്റിൽ ആൻഗസ് വർഷങ്ങളോളം സേവനമനുഷ്ഠിച്ചു. ഗ്രാമവാസികൾക്ക് എഴുതുവാനും വായിക്കുവാനും പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനുള്ള സാക്ഷരതാ പ്രവർത്തനങ്ങളടക്കം പ്രദേശത്ത് സാമൂഹ്യപരമായ പുരോഗതിക്കുവേണ്ടിയും ആൻഗസ് വളരെ പ്രവർത്തിച്ചിരുന്നു. 2016-ൽ അഗെം (Aghem) എന്ന പ്രാദേശിക ഭാഷയിലേക്ക് ബൈബിൾ പുതിയ നിയമം വിവർത്തനം ചെയ്തു. 3000 കോപ്പികൾ അച്ചടിച്ചെങ്കിലും മേഖലയിലെ സംഘർഷം മൂലം വതരണം മുടങ്ങി. വിഘടനവാദികളുടെ പോരാട്ട ഭൂമിയും സംഘർഷഭരിതവുമായ ആംഗ്ലോഫോൺ മേഖലയിലാണ് വും (Wum) എന്ന പട്ടണം. സർക്കാരിനെതിരെ പോരാടുന്ന വിമതരെ പിന്തുണയ്ക്കുന്നതിന്റെ പേരിൽ ഈ പട്ടണത്തിലെ കർഷക സമൂഹത്തെ സർക്കാരിന്റെ ഒത്താശയോടെ ഫുലാനി യുവാക്കൾ അക്രമങ്ങൾ നടത്തുന്നത് പതിവാണ്. 5000ത്തോളം ജനസംഖ്യയുള്ള വും പട്ടണത്തിൽ 90ശതമാനവും ക്രിസ്തീയ വിശ്വാസികളാണെന്നു കണക്കാക്കപ്പെടുന്നു.

# പ്രാർത്ഥനയ്ക്കായി കൂടുതൽ സമയം ചെലവഴിക്കുക; യു.എസ്. വൈസ് പ്രസിഡന്റ്



**യു.എസ്:** ഓൺലൈനിലും ഇന്റർനെറ്റിലും സമയം ചെലവഴിക്കുന്നതിനെക്കാൾ മുട്ടിന്മേലുള്ള പ്രാർത്ഥനയ്ക്കായി കൂടുതൽ സമയം ചെലവഴിക്കാൻ ആഹ്വാനം ചെയ്ത് യു.എസ് വൈസ് പ്രസിഡന്റ് മൈക് പെൻസ്. കഴിഞ്ഞ ഓഗസ്റ്റ് 6-നു ക്രിസ്ത്യൻ ആൻഡ് പ്രോ-ലൈഫ് അലയൻസ് ഡിഫെൻഡിംഗ് ഫ്രീഡം (എഡിഎഫ്) പ്രസിഡന്റും സി.ഇ.ഒയുമായ മൈക്കൽ ഫാരിസുമായിട്ടുള്ള സംഭാഷണത്തിലാണ് യുഎസ് വൈസ് പ്രസിഡന്റിന്റെ പ്രാർത്ഥനയ്ക്കായുള്ള നിർദ്ദേശം. തന്റെ വിശ്വാസത്തിനും പ്രവർത്തനങ്ങൾക്കുമെതിരായി വിമർശനം ഉന്നയിക്കുന്നവരോടുള്ള പ്രതികരണം ആരാഞ്ഞപ്പോഴാണ് ഇന്റർനെറ്റിൽ ചെലവഴിക്കുന്നതിനെക്കാൾ കൂടുതൽ സമയം മുട്ടിന്മേലിരുന്ന് പ്രാർത്ഥിക്കാനായി മൈക് പെൻസ് ആഹ്വാനം നടത്തിയത്. ക്രിസ്ത്യാനികളെന്ന നിലയിൽ നമ്മുടെ പ്രിയപ്പെട്ടവർക്കുവേണ്ടിയും ശത്രുക്കൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാനും ഞങ്ങൾ ആവശ്യപ്പെടുന്നു-അദ്ദേഹം തുടർന്നു. ധാർമ്മിക പെരുമാറ്റത്തിന്റെ ബൈബിൾ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു ജീവിത രീതി പാലിക്കണമെന്നും അദ്ദേഹം പറഞ്ഞു. വിവാഹത്തെക്കുറിച്ച് ക്രിസ്തീയ പഠിപ്പിക്കലുകളെ പിന്തുടരുന്ന നോർത്തേൺ വെർജീനിയയിലെ ഒരു ക്രിസ്ത്യൻ സകൂളിൽ പഠിപ്പിച്ചതിന് വിമർശത്തിനു വിധേയയായ തന്റെ ഭാര്യ കാരെൻ പെൻസിന്റെ നിലപാടിനെയും മൈക് പെൻസ് പിന്തുണച്ചു.






അജി കല്ലിങ്കൽ


റോയ്സൺ ജോണി


ഫിലിപ് ഏബ്രഹാം


ജോജി ഐപ്പ്

# പി.വൈ.സി. പുതിയ ഭാരവാഹികൾ

**തിരുവല്ല:** കേരളത്തിലെ വിവിധ പെന്തക്കോസ്തു സഭകളിലെ യുവജനങ്ങളുടെ ഐക്യവേദിയായ പെന്തക്കോസ്ത് യൂത്ത് കൗൺസിലിലേക്ക് (പി.വൈ.സി.) പുതിയ ഭരണസമിതിയംഗങ്ങളെ തിരഞ്ഞെടുത്തു. സംസ്ഥാന പ്രസിഡന്റായി അജി കല്ലിങ്കലും (ഐപിസി), സെക്രട്ടറിയായി പാസ്റ്റർ റോയ്സൺ ജോണിയും (എ.ജി), ട്രഷററായി പാസ്റ്റർ ഫിലിപ് ഏബ്രഹാമും (ശാരോൻ ഫെലോഷിപ്), സ്റ്റേറ്റ് കോ-ഓർഡിനേറ്ററായി പാസ്റ്റർ ഷൈജു ഞാറയ്ക്കലും (ചർച്ച് ഓഫ് ഗോഡ്) തിരഞ്ഞെടുക്കപ്പെട്ടു. ജോജി ഐപ്പ് മാത്യൂസാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പുതിയ ചെയർമാൻ. വൈസ് പ്രസിഡന്റുമാരായി പാസ്റ്റർ സാം ഇളമ്പൽ (സി.എ), ഇവാ. അജു അലക്സ് (പിവൈപിഎ), പാസ്റ്റർ സോവി മാത്യു (സിഇഎം), പാസ്റ്റർ പി.എ. ജെറാൾഡ് (വൈ.പി.ഇ), പാസ്റ്റർ ഷിബു മാത്യു (വൈപിസിഎ), പാസ്റ്റർ മാത്യു സാമുവേൽ (വൈ.പി.ഇ.റീജിയൻ) എന്നിവരും ജോയിന്റ് സെക്രട്ടറിമാരായി പാസ്റ്റർ സാം പീറ്റർ (ന്യു ഇൻഡ്യാ ബൈബിൾ ചർച്ച്), പാസ്റ്റർ തേജസ് ജേക്കബ് വർഗീസ് (ഫിലദെൽഫിയ), നിബു അലക്സാണ്ടർ (ഡബ്ല്യു.എം.ഇ), പാസ്റ്റർ ജയശങ്കർ ജി.എസ് (പി.എം.ജി) എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ജോഷി സാം മോറിസ്, പാസ്റ്റർ മോൻസി ജോർജ് (മീഡിയ), പാസ്റ്റർ ബിജു ജോസഫ്, പാസ്റ്റർ നിക്സൺ മുട്ടാർ (പ്രോഗ്രാം), പാസ്റ്റർ സിജു സ്കറിയ, ബ്രദർ മോൻസി (ചാരിറ്റി),പാസ്റ്റർ ജെ.യേശുദാസ്, ഷിബു ഏലിയാസ് (സ്പോർട്സ്), പാസ്റ്റർ അനീഷ് അഭിലാഷ്, ജോബ് കല്ലുമല (പ്രെയർ), രാജീവ് കോട്ടയം, ബ്ലെസൻ ചെമ്പട (പബ്ലിസിറ്റി), പാസ്റ്റർ ദാനിയേൽ ഈപ്പച്ചൻ (വിദേശകാര്യം), മാത്യു ബേബി, വെസ്ലി റ്റി.ഏബ്രഹാം (ന്യൂ പ്രോജക്ട്സ്), പാസ്റ്റർ റെനോൾഡ് സണ്ണി തുടങ്ങിയ വരാണ് മറ്റു ഭാരവാഹികൾ.

വചന ചിന്ത





സജി മണിമല
☎: 8113870570

# പരീക്ഷകൾ നേരിടുമ്പോൾ……

തുടർച്ച...

**മൂന്ന്:** അനുസരണക്കേട് (കല്പനാലംഘനം 1:15. പാപത്തിന്റെ ഒന്നാം ഘടകമായ മോഹം നമ്മിൽ ജനിച്ചു കഴിയുമ്പോൾ, അതിനെ അതിജീവിക്കുവാൻ കഴിയുന്നില്ലെങ്കിൽ ആ മോഹം നമ്മെ വശീകരിക്കുവാൻ ഇടയാകും. അത് അനുസരണക്കേടിലേയ്ക്ക് അഥവാ കല്പനാലംഘനത്തിലേയ്ക്ക് നയിക്കുകയാണ്. അപ്പോൾ പാപം അതിന്റെ പൂർണ്ണതയിലേയ്ക്ക് എത്തുകയാണ്. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണ വളർച്ചയെത്തുമ്പോൾ മരണത്തെ ഉളവാക്കുന്നു. മോഹം അതിൽ തന്നേ പാപമല്ല. എന്നാൽ ഒരാൾ സ്വേച്ഛയുടെ പ്രവർത്തനം മൂലം ആവശീകരണത്തിനു വിധേയനാകുമ്പോൾ പാപം സംഭവിക്കുന്നു. ശിശു ജനനത്തോടും വളർച്ചയോടും ബന്ധമുള്ള ഒരു വാങ്മയചിത്രം ഇവിടെ ദർശിക്കാം. സ്വന്തം ശിശുവായി പാപത്തെ പ്രസവിക്കുന്ന ഒരു മാതാവായി മോഹത്തെ അവതരിപ്പിക്കുന്നു. ഈ കുട്ടി പൂർണ്ണവളർച്ചയെത്താനനുവദിച്ചാൽ മരണത്തെ ജനിപ്പിക്കും. വിശ്വാസിയുടെ പരീക്ഷയോടുള്ള സമരത്തിൽ അന്തർലീനമായിട്ടുള്ള അനന്തര ഫലമാണീ ചിത്രം.

**നാല്:** മരണം (1:15). അനുസരണക്കേട് അഥവാ കല്പനാലംഘനം മരണത്തിലേയ്ക്ക് നയിക്കുന്നു. മോഹം പാപത്തേയും പാപം മരണത്തേയും ജനിപ്പിക്കും. ഹവ്വായുടെ മോഹം അവളുടെ പ്രവർത്തിയിൽ കൂടെ ഗർഭം ധരിച്ചു. ഉണ്ടായ ഉൽപന്നമാകട്ടെ പാപവും. പാപം ചെയ്താൽ മരിക്കുമെന്നും ദൈവം ആദാമിനോടു പറഞ്ഞിരുന്നു (ഉല്പത്തി 2: 17). 'മോഹിക്കരുത്' എന്ന കല്പന ദൈവം യിസ്രായേലിനു നൽകിയിരുന്നു (പുറപ്പാട് 20:17). നമ്മുടെ ജീവിതത്തിൽ മോഹം ജനിക്കുന്നുവെങ്കിൽ അതു മുളയിലേ നുള്ളണം. അല്ലാത്തപക്ഷം നാം പാപത്തെ ചുമക്കേണ്ടിവരും.

പാപത്തിന്റെ നിർണ്ണായകമായ വളർച്ചയെക്കുറിച്ച് യാക്കോബ് ആലങ്കാരികമായി ഇവിടെ വർണ്ണിക്കുന്നു. മോഹത്തിന്റെ മകൾ പാപവും കൊച്ചുമകൾ മരണവുമാണ്. 'പറുദീസാ നഷ്ടം' എന്ന കവിതയിൽ ജോൺ മിൽട്ടൺ ഈ ചിന്ത ഏറ്റവും ഭംഗിയായ നിലയിൽ വർണ്ണിച്ചിട്ടുണ്ട്. "വികാരം ചിന്തയിലേയ്ക്കും, ചിന്ത ക്രിയയിലേയ്ക്കും, ക്രിയ തഴക്കത്തിലേയ്ക്കും, തഴക്കം സ്വാഭാവത്തിലേയ്ക്കും, സ്വഭാവം അന്ത്യത്തിലേയ്ക്കും നയിക്കുന്നു."

വേദപുസ്തകത്തിലെ ഉല്പത്തി മൂന്നാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യ പാപത്തിൽ പരീക്ഷയുടേയും പാപത്തിന്റേയും ഈ നാലു ഘടകങ്ങളേയും വ്യക്തമായി നമുക്ക് ദർശിക്കുവാൻ കഴിയും. സ്ത്രീയുടെ ആഗ്രഹത്തെ (മോഹം) പാമ്പ് തന്ത്രപൂർവ്വം ഉപയോഗിക്കുകയാണ്. "അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മ തിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും എന്നു ദൈവം അറിയുന്നു (ഉല്പത്തി 3:5). അറിവു നേടുന്നതിൽ എന്തെങ്കിലും തെറ്റുണ്ടോ? ആഹാരം കഴിക്കുന്നതിൽ തെറ്റുണ്ടോ? വൃക്ഷഫലം തിന്മാൻ നല്ലത് എന്ന് അവൾ കണ്ടു. അവളുടെ ആഗ്രഹം തീഷ്ണമാകുവാൻ ഇടയായി.

അപ്പോസ്തലനായ പൗലോസ് 2 കോരി. 11:3ൽ സ്ത്രീക്കു പറ്റിയ ചതിയെപ്പറ്റി പ്രതിപാദിക്കുന്നു. "എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ........" അവളുടെ മോഹം വശീകരണത്തിലേയ്ക്ക് മാറുകയാണ്. ഫലം കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ലതുമെന്ന് അവൾ കണ്ടു. അവൾ അതിന്റെ ആകർഷണിയതയ്ക്കു മുമ്പിൽ ദൈവത്തിന്റെ മുന്നറിയിപ്പ് മറന്നു. "അതു തിന്നുന്ന നാളിൽ നീ മരിക്കും നിശ്ചയം" (ഉല്പത്തി 2 :17). അങ്ങനെ ഹവ്വാ ദൈവത്തോട് അനുസരണക്കേട് കാണിച്ചു വൃക്ഷഫലം എടുത്തു ഭക്ഷിക്കുകയും ആദമിനും അതിന്റെ പങ്ക് നൽകുകയും ചെയ്തു. അവനും ഭക്ഷിച്ചു. അവരുടെ അനുസരണക്കേട് മുഴുലോകത്തിനും വലിയ ദുരന്തമായി ഭവിച്ചു. കല്പനാ ലംഘനത്തിലൂടെ പാപം ചെയ്യപ്പെട്ട നിമിഷം തന്നെ അവരിൽ ആത്മീകമരണം സംഭവിച്ചു (ദൈവത്തിൽ നിന്നുള്ള വേർപാട്), പിന്നീട് അത് ശാരീരിക മരണത്തിലേയ്ക്ക് എത്തിച്ചു. ആദാം മൂലം എല്ലാമനുഷ്യരിലും മരണം വന്നു (1 കോരി. 15:22). യേശു ഇല്ലാതെ മരിക്കുന്ന ഏവനും തീപ്പൊയ്ക ആകുന്ന നിത്യമരണത്തിനും അർഹനാകും (വെളിപ്പാട് 20:15).

നമ്മുടെ ജീവിതത്തിൽ നാം പരീക്ഷകളെ അഭിമുഖീകരിക്കുമ്പോൾ വശീകരണ വസ്തുക്കളിലേയ്ക്കുള്ള നോട്ടം മാറ്റി മുമ്പിലേക്കുനോക്കി പാപത്തിന്റെ പരിണിതഫലം-ദൈവീക ന്യായവിധിയെ-കാണുക, ഓർക്കുക. പാപത്തിന്റെ ശബളം മരണമത്രേ (റോമർ 6:23).

**രണ്ട്:** എല്ലാ നല്ല ദാനങ്ങളേയും ഓർക്കുക (1:17). പിശാചിന്റെ പ്രധാന തന്ത്രങ്ങളിൽ ഒന്നാണ് പിതാവായ ദൈവത്തിന്റെ നമ്മോടുള്ള സ്നേഹത്തിലും കരുതലിലും സംശയം ജനിപ്പിക്കുക എന്നുള്ളത്. സർപ്പം സ്ത്രീയെ സമീപിച്ചപ്പോൾ അവളിൽ സംശയം ജനിപ്പിച്ചുകൊണ്ട് പറയുകയാണ് വാസ്തവമായും ദൈവം നിങ്ങളെ സ്നേഹിക്കുന്നുവെങ്കിൽ വിലക്കപ്പെട്ട വൃക്ഷഫലം തിന്നാൻ നിങ്ങൾക്ക് അനുമതി തന്നിരുന്നേനെ. പിശാച് യേശുവിനെ പരീക്ഷിക്കുവാൻ അടുത്തപ്പോൾ അവൻ വിശപ്പിന്റെ ചോദ്യമെറിയുകയാണ്. "നിന്റെ പിതാവ് നിന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്തുകൊണ്ടാണ് നീ ഇപ്പോൾ വിശന്ന് ഇരിക്കേണ്ടി വന്നത്"?

പരീക്ഷകളെ അതിജീവിക്കുവാൻ ഉള്ള ഏറ്റവും ശ്രേഷ്ഠമേറിയ മാർഗ്ഗങ്ങളിൽ ഒന്നാണ് ദൈവത്തിന്റെ എല്ലാ ദാനങ്ങളേയും ഓർക്കുക എന്നത്. ദൈവം നല്ലവനായി ഉള്ള കാലത്തോളം നമ്മുടെ ആവശ്യങ്ങൾക്കു മറ്റൊരാളുടെ മുമ്പിൽ പോകേണ്ട ആവശ്യമില്ല. ദൈവഹിതത്തിനു വെളിയിൽ ഉള്ളതു സ്വീകരിക്കാത്തതുകൊണ്ട് വിശന്നിരിക്കേണ്ടി വന്നാൽ ആ വിശപ്പാണ് നല്ലത്. ഒരിക്കൽ നാം ദൈവീക നന്മകളേയും ദാനങ്ങളേയും സംശയിച്ചു കഴിഞ്ഞാൽ നമ്മൾ പിശാചിന്റെ "ഓഫറുകളിൽ" ആകൃഷ്ടരാകുകയും നമ്മുടെ സാധാരണ ആഗ്രഹങ്ങൾ വശീകരണത്തിലേയ്ക്ക് വരികയും ചെയ്യും. മോശെ യിസ്രായേൽ മക്കൾക്ക് മുന്നറിയിപ്പു നൽകി വാഗ്ദത്ത നാട്ടിലെ അനുഗ്രഹങ്ങളെ അനുഭവിച്ചു തുടങ്ങുമ്പോൾ ദൈവീക നന്മകളെ മറക്കരുതെന്ന് (ആവർത്തനം 6:10-15). ഈ മുന്നറിയിപ്പ് ഇന്നു നമുക്കും ആവശ്യമാണ്. എല്ലാ ദാനങ്ങളും തികഞ്ഞ നൽവരമൊക്കെയും മുകളിൽ നിന്ന്, പ്രകാശങ്ങളുടെ പിതാവിൽ നിന്നാണ് താഴേയ്ക്ക് വരുന്നത്, അവനിൽ യാതൊരു മാറ്റവുമില്ല, മാറ്റത്തിന്റെ നിഴൽ പോലുമില്ല. പരഗുണകാംക്ഷയുള്ള ദൈവം, മാറ്റമില്ലാത്ത ദൈവം, നന്മകളുടെയെല്ലാം ഉറവിടമാണ്. എല്ലാ നല്ല ദാനവും ദൈവത്തിൽ നിന്നാണ്. നമുക്കാവശ്യമായ ജീവൻ, ആഹാരം, വസ്ത്രം, ആരോഗ്യം, സമാധാനം തുടങ്ങിയവ ദൈവം ഔദാര്യമായി നൽകുന്നു. സർവ്വോപരി തന്റെ പുത്രനെ തന്നെ നമുക്കു ദാനം ചെയ്യുന്നു (യോഹ. 3:16). ഇവയെല്ലാം വിലകൂടാതെ നൽകുന്ന ദാനങ്ങളാണ്. ഈ ദാനങ്ങൾ സ്വീകരിച്ച നാം ദാതാവിനോട് കൃതജ്ഞതയുള്ളവരാകേണ്ടതാണ്. ദൈവത്തിന്റെ ദാനപ്രക്രിയയും ദാനവും നല്ലതാണ്. അത് നമ്മിൽ തികവ് വരുത്തുന്നു.

ദൈവീക നന്മകളേയും ദാനങ്ങളേയും കുറിച്ച് ദാവീദ് ഓർത്തിരുന്നുവെങ്കിൽ ബത്ശേബയുടെ അടുത്ത് പോകുകയോ ഭയാനകമായ ആ പാപത്തിൽ നിപതിക്കുകയോ ഇല്ലായിരുന്നു. ദൈവം ദാവീദിന് നല്ലവനായിരുന്നു. എന്നാൽ അവൻ ദൈവീക ദാനങ്ങളേയും ദൈവീക നന്മകളേയും മറന്ന് വശീകരണത്തിൽ ആകൃഷ്ടനായി.

പിശാചിന്റെ വിലപേശലുകളെക്കാളും നല്ലത് ദൈവത്തിന്റെ ദാനങ്ങൾ തന്നെയാണ്. പിശാചിന് ഒരിക്കലും ദാനങ്ങളെ നൽകുവാൻ കഴിയില്ല. ആഖാൻ ദൈവത്തിന്റെ മുന്നറിയിപ്പുകളേയും ദൈവീക നന്മകളേയും മറന്നു. അവൻ മറഞ്ഞിരുന്ന ധനം കണ്ടു, മോഹിച്ചു, എടുത്തു. അങ്ങനെ അവൻ ധനവാൻ ആയിത്തിർന്നുവെങ്കിലും അത് അവന്റെ നാശത്തിൽ കലാശിച്ചു.

ഇനിയും പിശാച് പരീക്ഷകളുമായി അടുത്തു വരുമ്പോൾ ദൈവം നമുക്ക് നൽകിയ നന്മകളെ ധ്യാനിക്കുക. നമുക്ക് എന്തെങ്കിലും ആവശ്യങ്ങൾ നേരിടുമ്പോൾ ദൈവീക കരുതലിനായി കാത്തിരിക്കുക. പരീക്ഷകളിൽ ക്ഷമ നമുക്കാവശ്യമാണ്. ശൗലിനെ കൊല്ലുവാൻ രണ്ട് അവസരങ്ങൾ ലഭിച്ചപ്പോഴും ആ പരീക്ഷകളെ അതിജീവിച്ച് ദൈവീക സമയത്തിനായി കാത്തിരുന്നു.

**മൂന്ന്:** സത്യവചനത്താലുള്ള ജനനത്തെ (വീണ്ടും ജനനം) ഓർക്കുക (1:18). പരീക്ഷകളെ എങ്ങനെ അതിജീവിക്കാമെന്നുള്ളതിനു യാക്കോബിന്റെ ലേഖനം ഒന്നാമദ്ധ്യായത്തിൽ മൂന്നു കാര്യങ്ങൾ ആണ് പറഞ്ഞിരിക്കുന്നത്. രണ്ട് കാര്യങ്ങൾ നാം മുകളിൽ കണ്ടല്ലോ (ദൈവീക ന്യായവിധിയെക്കുറിച്ച് ഓർക്കുക, ദൈവത്തിന്റെ എല്ലാ നല്ല ദാനങ്ങളേയും ഓർക്കുക). മുന്നമത്തേതാണ് ദൈവീക വീണ്ടും ജനനത്തെ ഓർക്കുകയെന്നുള്ളത്. ഈ ജനനം ദൈവീകമാണ്. യോഹന്നാന്റെ സുവി

ശേഷം 8-ാം പേജിൽ



# ശ്രേഷ്ഠകരമായ ദൈവീക സൃഷ്ടിപ്പ്

പാസ്റ്റർ വി.വി. രാജൻ
സ്റ്റേറ്റ് ട്രഷറാർ, ബഥേൽ ഗോസ്പൽ ഫെലോഷിപ്പ്
ഫോൺ: 9744135641

മനുഷ്യന്റെ ഉൽപത്തിയെപ്പറ്റി വിഭിന്നങ്ങളായ വാദഗതികൾ ലോകത്തിൽ നിലനിൽക്കുന്നു. പരിണാമസിദ്ധാന്തപ്രകാരം മനുഷ്യൻ ഏതോ ജീവിയിൽ നിന്നും പരിണമിച്ചു മനുഷ്യനായി തീർന്നു എന്ന് വാദിക്കുന്നവർ ഉണ്ട്. ഇപ്രകാരമുള്ള പലവിധ വാദഗതികൾ എങ്ങനെ ആയിരുന്നാലും, വിശുദ്ധ ബൈബിളിൽ മനുഷ്യന്റെ ഉൽപ്പത്തിയെപ്പറ്റി വ്യക്തമായി പറയുന്നത്:-

ഉൽപത്തി 1:27 "ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവനെ സൃഷ്ടിച്ചു."

ഉൽപത്തി 2:7 "യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു."

ദൈവം നിലത്തെ പൊടി കൊണ്ടാണ് മനുഷ്യനെ സൃഷ്ടിച്ചതെന്നതിന് നിരവധി തെളിവുകൾ ഉണ്ട്. മനുഷ്യന്റെ ശരീരത്തിൽ അടങ്ങിയിട്ടുള്ള മൂലവസ്തുക്കൾ മണ്ണിൽ കാണുന്ന മൂല വസ്തുക്കൾ തന്നെയെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

തിരുവചനം പഠിക്കുമ്പോൾ മനുഷ്യന്റെ സൃഷ്ടിപ്പിന്റെ ശ്രേഷ്ടത എത്ര മഹത്തരമാണെന്ന് മനസ്സിലാക്കാം.

സങ്കീർത്തനം 8:4-8 "നീ അവനെ ദൈവത്തേക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും, ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു. നിന്റെ കൈകളുടെ പ്രവർത്തികൾക്ക് നീ അവനെ അധിപതിയാക്കി സകലത്തേയും അവന്റെ കാൽക്കീഴെയാക്കിയിരിക്കുന്നു."

മേൽ ഉദ്ധരിച്ച വാക്യങ്ങളിൽ നിന്നും, മനുഷ്യന്റെ ദൈവീക സൃഷ്ടിപ്പ് എത്ര ശ്രേഷ്ടകരവും അവർണ്ണനീയവുമാണ് എന്ന് ആർക്കും മനസ്സിലാകും.

മനുഷ്യനെ ദൈവം തന്റെ സ്വന്തം കൈകളാൽ നിർമ്മിച്ചപ്പോൾ മറ്റ് ജീവജാലങ്ങളെ താൻ വാക്കാൽ ഉളവാക്കുകയായിരുന്നു. ഭൂമിയിൽ വസിക്കുവാൻ ഉള്ള സാഹചര്യമനുസരിച്ച് എല്ലാത്തരം മൃഗങ്ങൾക്കും ജലജീവികൾക്കും പക്ഷികൾക്കും മറ്റും ജീവിക്കുവാൻ അനുയോജ്യമായ ഘടനയോടുകൂടിയാണ് അവയുടെ സൃഷ്ടിപ്പെന്ന് മനസ്സിലാക്കുവാൻ കഴിയും. പക്ഷികൾക്കും ജലജീവികൾക്കും ഭൂമിയിൽ വസിക്കുവാൻ അനുയോജ്യമായ കാലുകളും ശരീരഘടനയും കൊടുത്തപ്പോൾ മൃഗങ്ങൾക്കും മറ്റും കല്ലും മുള്ളും ചവിട്ടി നടക്കുവാൻ തക്ക വണ്ണമുള്ള കുളമ്പും ചർമ്മവും കൊടുത്തിരിക്കുന്നതായി കാണാം. മരങ്ങളിൽ വസിക്കുവാനും ഇരിക്കുവാനുമുള്ള കാലുകൾ പക്ഷികൾക്കും, ജലത്തിൽ വസിക്കുവാൻ അനുയോജ്യമായ വിധത്തിൽ ജലജീവികൾക്കും കൊടുത്തു. കട്ടികൂടിയ തൊലിയും മറ്റും കൊടുത്തു കാട്ടുജീവികളെ നിർമ്മിച്ചപ്പോൾ തൂവലുകൾ കൊടുത്ത് പക്ഷികളെ സംരക്ഷിക്കുന്നു. യൂറോപ്പിലും മറ്റ് തണുപ്പ് രാജ്യങ്ങളിലും ജീവിക്കുന്ന മൃഗങ്ങൾക്ക് കട്ടിയുള്ള രോമങ്ങൾ നൽകപ്പെട്ടിരിക്കുന്നു.

എന്നാൽ മനുഷ്യനെ ദൈവം സൃഷ്ടിച്ചത്, അവൻ സമുദ്രജീവികളിലും ആകാശത്തിലെ പറവജാതികളിലും സകല മൃഗങ്ങളിന്മേലും സകല ഇഴജാതികളിന്മേലും വാഴുവാൻ വേണ്ടിയാണ്. (ഉല്പത്തി 1:26).

മനുഷ്യശരീരത്തിൽ അടങ്ങിയിരിക്കുന്ന സകല മൂലകങ്ങളും മണ്ണിൽ കാണുന്ന മൂലകങ്ങൾ തന്നെയെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യ ശരീരം ഏറ്റവും അതിശയകരമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതായി സങ്കീർത്തനം 139:13,14 -ാം വാക്യങ്ങളിൽ കാണുവാൻ കഴിയും.

"ഭയങ്കരവും അതിശയകരവുമായി എന്നെ സൃഷ്ടിച്ചിരിക്കുകയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു. നിന്റെ പ്രവർത്തികൾ അത്ഭുതകരമാകുന്നു. അത് എന്റെ ഉള്ളം നല്ലവണ്ണം അറിയുന്നു. ഞാൻ രഹസ്യത്തിൽ ഉണ്ടാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽ ഉണ്ടാക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ അസ്ഥികൂടം നിനക്ക് മറവായിരുന്നില്ല." മനുഷ്യന്റെ സൃഷ്ടിപ്പിനെ സംബന്ധിച്ചുള്ള വെളിപ്പാടുകൾ മേൽ വചനങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. മനുഷ്യശരീരം ശാസ്ത്രീയമായി പരിശോധിച്ചാൽ ശരീരം മണ്ണിനാൽ നിർമ്മിക്കപ്പെട്ടതാകയാൽ മണ്ണിൽ അടങ്ങിയിരിക്കുന്ന ധാതുക്കളായ ഇരുമ്പ്, പഞ്ചസാര, ഉപ്പ്, കരി, അയഡിൻ, ഫോസ്ഫറസ്, ചുണ്ണാമ്പ്, കാൽസ്യം മുതലായ രാസപദാർത്ഥങ്ങൾ അടങ്ങിയിരിക്കുന്നതായി വെളിവാകും.

പല വലിപ്പത്തിലും രൂപത്തിലും ഉള്ള 263 അസ്ഥികൾ, 600 മാംസപേശികൾ, 970 മൈലുകൾ നീളമുള്ള രക്തക്കുഴലുകൾ വ്യത്യസ്ഥമായ രുചികൾ അനുഭവിച്ചറിയാൻ നാക്കിൽ 400 കപ്പുകളും, ശബ്ദതരംഗങ്ങളെ സ്വീകരിപ്പാൻ ചെവിക്കുള്ളിൽ 20,000 കേസരങ്ങളും 1 കോടി സിരകളും അതിന്റെ ശാഖകളും, തൊലിപ്പുറത്ത് 3500 സ്വേദനാടികളും ചെറുകുടലിന് 40 മൈൽ നീളവും, ഭക്ഷണപദാർത്ഥങ്ങൾ കുടലിൽ കൂടി കടന്നുപോകുമ്പോൾ ആഗിരണം ചെയ്യുന്നതിന് 2 കോടിയോളം വില്ലസുകളും, അന്തരീക്ഷവായു ശ്വസിക്കുന്നതിന് ശ്വാസകോശങ്ങളിൽ (Lungs) 60 കോടി ചെറുകോശങ്ങളും, സ്പർശനം, രുചി, ശബ്ദം, കാഴ്ച മുതലായവയെ താമസംവിനാ തലച്ചോറിൽ (Brain) എത്തിക്കുന്ന ഒരു സന്ദേശവാഹക വ്യവസ്ഥയും നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഒരു കൈമുഷ്ടിയോളം വലിപ്പമുള്ള ഹൃദയം (Heart) ഒരു മണിക്കൂറിൽ 4200 പ്രാവശ്യം സ്പന്ദിക്കുകയും 12 ടൺ രക്തം ദിവസ്സേന ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുകയും ചെയ്യുന്നു. ലക്ഷോപലക്ഷം രക്താണുക്കൾ ഉൾക്കൊണ്ടിരിക്കുന്നതാണ് ഒരു തുള്ളി രക്തം. മനുഷ്യന്റെ കൈകാലുകളിലെ അസ്ഥികളുടെ നിർമ്മിതിയും കൂട്ടിച്ചേർക്കലും ആരേയും ചിന്തിപ്പിക്കുന്നതാണ്. ഈ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ തന്നെയാണ് ശാസ്ത്രലോകം റോബോർട്ടുകളേയും മറ്റും നിർമ്മിക്കുന്നത്. ഈ മനുഷ്യ നിർമ്മിതിയോട് തുലനം ചെയ്യുവാൻ അത്യാധുനികമായ ഒരു കണ്ടുപിടുത്തത്തിനും മതിയായതല്ല. ഇപ്പോൾ ലോകത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതായ ഏത് യന്ത്രത്തേക്കാളും ശക്തിയേറിയതാണ്, കൈമുഷ്ടിയോളം വലിപ്പമുള്ള മനുഷ്യഹൃദയം. മനുഷ്യന്റെ ഓരോ അവയവങ്ങളും അവയുടെ പ്രവർത്തനങ്ങളും മനസ്സിലാക്കിയാൽ ദൈവം എത്രയോ അതിശയകരമായിട്ടാണ് അവയെ സൃഷ്ടിച്ചിരിക്കുന്നത്!

മനുഷ്യന്റെ സൃഷ്ടിപ്പ് മറ്റെല്ലാ സൃഷ്ടിപ്പിനെക്കാളും വ്യത്യസ്തമാണ്. "ഉളവാകട്ടെ" എന്ന ദൈവകല്പനയിൽ എല്ലാം ഉളവായപ്പോൾ മനുഷ്യസൃഷ്ടിപ്പ് ദൈവം തന്റെ ഹൃദയത്തിൽ മറഞ്ഞിരുന്നതും ശരീരഘടനയുടെ പദ്ധതിയും പ്ലാനും തോതും ദൈവത്തിന്റെ ഉള്ളം കൈയ്യിൽ വരച്ചതു പ്രകാരമായിരുന്നു എന്ന് യെശയ്യാവ് 49:16-ൽ വ്യക്തമാക്കിയിരിക്കുന്നു.

യെശയ്യാവ് 49:16 "ഇതാ ഞാൻ നിന്നെ എന്റെ ഉള്ളം കൈയ്യിൽ വരച്ചിരിക്കുന്നു. നിന്റെ മതിലുകൾ എല്ലായ്പ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു." മറ്റ് സൃഷ്ടിപ്പിനില്ലാത്തതായ പല പ്രത്യേകതകളും മനുഷ്യ സൃഷ്ടിപ്പിനുണ്ട്.

ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചതായി വിശുദ്ധ ബൈബിളിൽ നാം വായിക്കുന്നു. ദൈവം ആത്മാവ് ആകയാൽ ദൈവത്തിന് സ്വരൂപവും സാദൃശ്യവും ഇല്ല. എല്ലാ പരിമാണങ്ങൾക്കും അതീതനായി സ്വർഗ്ഗത്തിലും ഭൂമിയിലും ദൈവം ഒതുങ്ങുന്നില്ല. ആരും ഒരുനാളും ദൈവത്തെ കണ്ടിട്ടുമില്ല. ആകയാൽ ദൈവത്തിന്റെ നീളമോ വണ്ണമോ നിറമോ പ്രകാരമുള്ള യാതൊരു ബാഹ്യരൂപത്തിലല്ല മനുഷ്യനെ സൃഷ്ടിച്ചത്. മറിച്ച് പ്രകൃതിയിലാണ് സാദൃശ്യം. ആകയാൽ മനുഷ്യൻ സൃഷ്ടാവാം ദൈവത്തിന്റെ മഹത്വവും തേജസ്സും വിശുദ്ധിയുമാണ് പ്രതിഫലിപ്പിക്കേണ്ടത്. ക്രിസ്തുവിന്റെ തലയോളം മനുഷ്യൻ വളരണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. അതായത് ദൈവത്തിന്റെ സകല ഗുണങ്ങളും മനുഷ്യനിൽ ഉണ്ടാകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തിൽ ഉള്ളതുപോലെ തന്നെ മനുഷ്യനിലും ത്രിത്വം അടങ്ങിയിരിക്കുന്നു. ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്നു ഘടകങ്ങൾ മനുഷ്യനിൽ ഒന്നായി പ്രവർത്തിക്കുന്നു. ദൈവത്തിൽ അത് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ശക്തികൾ ഒന്നായി പ്രവർത്തിക്കുന്നു.

ശേഷം 7-ാം പേജിൽ



## ഒരു കുടുംബത്തിലെ മൂന്നുപേർ വാഹനാപകടത്തിൽ മരിച്ചു



**ഫ്ളോറിഡ:** സൗത്ത് ഫ്ളോറിഡയിലെ ദേശീയ പാതയിൽ ഉണ്ടായ വാഹനാപകടത്തിൽ കോതമംഗലം സ്വദേശികളായ ഒരു കുടുംബത്തിലെ മൂന്നു പേർ മരണമടഞ്ഞു. കോതമംഗലം മാതിരപ്പള്ളി കാക്കത്തോട്ടത്തിൽ മത്തായി (എം.എ.കോളജ് റിട്ട. പ്രഫസർ) മകൻ ബോബി മാത്യു (46), ഭാര്യ ഡോളി (42), അവരുടെ മകൻ സ്റ്റീവ് (14) എന്നിവരാണ് മരണപ്പെട്ടത്. ഇവർ യാത്ര ചെയ്തിരുന്ന കാർ ദേശീയ പാതയ്ക്കരികിലുള്ള തടാകത്തിലേക്ക് മറിയുകയായിരുന്നു. സെപ്റ്റംബർ 3-നു ഫ്ളോറിഡ സമയം വൈകിട്ട് ആറരയ്ക്കാണ് സംഭവം. ഫ്ളോറിഡ മയാമി ഹോളിവുഡ് സയോൺ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗങ്ങളാണ് ഈ കുടുംബം. ബാബു (ചിക്കാഗോ), ബീബ (ഡാളസ്) എന്നിവർ ബോബിയുടെ സഹോദരങ്ങളാണ്.



## റാങ്ക് നേടി

**തൃശ്ശൂർ:** കാലിക്കറ്റ് സർവ്വകലാശാല എംഎസ്സി സൈക്കോളജി പരീക്ഷയിൽ ദാനിയേൽ എം. ഏബ്രഹാം ഒന്നാം റാങ്കു നേടി. മാരായ്ക്കൽ ഏജി ശുശ്രൂഷകനും തൃശ്ശൂർ സെക്ഷൻ പ്രസ്ബിറ്ററുമായ പാസ്റ്റർ എ.എം. ഏബ്രഹാമിന്റെയും ശോഭയുടേയും മകനാണ്. ബ.എസ്.സി. സൈക്കോളജി പരീക്ഷയിൽ രണ്ടാം റാങ്കു നേടിയിരുന്നു. സുവിശേഷകനും യുവജനപ്രവർത്തകനും ചർച്ചിലെ ക്വയർ ലീഡറുമായ ദാനിയേൽ കുട്ടനെല്ലൂർ ഗവ. കോളേജിൽ ഗസ്റ്റ് ലക്ചററാണ്.

## നിത്യതയിൽ

## പ്രശസ്ത ക്രൈസ്തവ ഗായിക പെർസിസ് ജോണിന്റെ മാതാവ്



**ന്യൂഡൽഹി:** ഉത്തരേന്ത്യയുടെ അപ്പോസ്തലനും ഐപിസി നോർത്തേൺ റീജിയൻ സ്ഥാപകനും ആയ പരേതനായ പാസ്റ്റർ കെ.റ്റി തോമസിന്റെ സഹധർമ്മിണിയും പ്രശസ്ത വർഷിപ് ലീഡർ പെർസിസ് ജോണിന്റെ മാതാവുമായ മേരിക്കുട്ടി തോമസ് (ഗ്രീൻപാർക്കിലെ അമ്മച്ചി-84) ഓഗസ്റ്റ് 25-നു കർത്തൃസന്നിധിയിൽ പ്രവേശിച്ചു. ഐപിസി നോർത്തേൺ റിജിയന്റെ പ്രവർത്തനങ്ങളിൽ അപ്പൊസ്തലൻ കെ.റ്റി. തോമസിനൊപ്പം വളരെ അദ്ധ്വാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. കഴിഞ്ഞ കുറെ നാളുകളായി വാർദ്ധക്യസഹജമായ ശാരീരിക ക്ലേശങ്ങളാൽ ഭവനത്തിൽ വിശ്രമത്തിലായിരുന്നു. സംസ്കാരം 30-നു നടന്നു. മറ്റു മക്കൾ: സ്റ്റാൻലി തോമസ്, പരേതനായ ബഞ്ചമിൻ തോമസ്, സൂസൻ ശാമുവേൽ, പാസ്റ്റർ സാമുവേൽ തോമസ്. മരുമക്കൾ: മേരി തോമസ്, പാസ്റ്റർ സാമുവേൽ ജോൺ, അനിത സാമുവേൽ, എ.പി. ജോൺ.

## ശ്രേഷ്ഠകരമായ ദൈവീക സൃഷ്ടിപ്പ്

6-ാം പേജിൽനിന്നും തുടർച്ച

മണ്ണിൽ നിന്നെടുത്ത മനുഷ്യന് മണ്ണുമായി അഭേദ്യമായ ബന്ധമുണ്ട്. മണ്ണിനെ മറന്നോ ത്യജിച്ചോ മനുഷ്യന് ജീവിക്കാൻ സാദ്ധ്യമല്ല. മണ്ണിൽ നിന്നുണ്ടാക്കിയ ഭൗതീക വസ്തുക്കൾ തന്നെയാണ് മനുഷ്യന്റെ നിലനിൽപിന് ആധാരമായിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ പരിശോധിച്ചാൽ അത് വെളിവാകും.

മനുഷ്യൻ ഭക്ഷിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ മണ്ണിൽ നിന്നുണ്ടാക്കുന്നവയാണ്.

നാം കുടിക്കുന്ന ജലം, ധരിക്കുന്ന വസ്ത്രം, സ്വർണ്ണം, വെള്ളി, ചെമ്പ്, മൺപാത്രങ്ങൾ എല്ലാം മണ്ണിൽ നിന്നുണ്ടാക്കുന്നു. നാം സഞ്ചരിക്കുന്ന വാഹനങ്ങൾ, അവയിൽ നിറയ്ക്കുന്ന ഇന്ധനങ്ങൾ എല്ലാം മണ്ണിൽ നിന്ന് തന്നെ ഘനനം ചെയ്ത് എടുക്കുന്നവയാണ്.

മനുഷ്യനൊഴികെ മറ്റ് ജീവികളെയെല്ലാം കൂട്ടമായും മറ്റും സൃഷ്ടിക്കപ്പെട്ടപ്പോൾ മനുഷ്യനെ മാത്രം ദൈവം ഏകനായിട്ടാണ് സൃഷ്ടിച്ചത്. ഒരു പുരുഷനും സ്ത്രീയും മാത്രം. ഇങ്ങനെ ഏകനായി സൃഷ്ടിച്ചതിന്റെ കാരണം, ഒരുവനിൽ നിന്ന് കാലക്രമേണ പെറ്റുപെരുകി ലോകം നിറയണം എന്നതായിരുന്നും ദൈവത്തിന്റെ പദ്ധതി. ഭൂമിയിൽ വർദ്ധിച്ചു പെരുകുവാനുള്ള അനുഗ്രഹവും ദൈവം നൽകി. ഭൂമിയുടെ നല്ല ഭാഗവും ഇപ്പോഴും മനുഷ്യവാസമില്ലാതെ ശൂന്യമായി കിടപ്പുണ്ട്. മനുഷ്യന്റെ ക്രമാധീതമായ വർദ്ധനവിനെ പ്രകൃതി തന്നെ യുദ്ധം, ക്ഷാമം, പകർച്ച വ്യാധി, ഭൂകമ്പം മുതലായ പ്രതിഭാസങ്ങളാൽ നിയന്ത്രിക്കപ്പെടുന്നുണ്ട്.

സകലത്തിലും വാഴുവാനാണ് ദൈവം മനുഷ്യനെ നിയമിച്ചാക്കിയത്. മറ്റൊന്നിനേയും ദൈവം മനുഷ്യനെപ്പോലെ സ്നേഹിച്ചിരുന്നില്ല. വലിപ്പവും ശക്തിയും ഉള്ള ജീവജാലങ്ങളെപ്പോലും നിയന്ത്രിക്കുവാൻ മനുഷ്യന് സാധിക്കുന്നത് ദൈവീക പദ്ധതിയാണ്. അതിനെയൊക്കെ നിയന്ത്രിക്കുവാനും ഭരിക്കാനും ഉള്ള പ്രാഗത്ഭ്യം മനുഷ്യന് മാത്രം ലഭിച്ച ദൈവീക കൃപയാണ്. സങ്കീർത്തനം 8:5-ൽ ഇപ്രകാരം കാണുന്നു; "നീ അവനെ ദൈവത്തേക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു."

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തന്നെ തേജസ്സിനാൽ അവന്റെ ശരീരം പൊതിഞ്ഞിരുന്നു. എന്നാൽ പാപത്തിൽ വീണു പോയ മനുഷ്യനിൽ നിന്നും ആ ദൈവീക തേജസ്സ് മാറ്റപ്പെട്ടതായി മനസ്സിലാക്കാം. "എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു".

മനുഷ്യൻ പാപത്തിൽ അകപ്പെടും വരെ അഥവാ പാപം ചെയ്യും വരേയും അവനിൽ രോഗം ഇല്ലായിരുന്നു. സകല ജീവജാലങ്ങളും അവന് കീഴ്പ്പെട്ടിരുന്നു. രോഗം പരത്തുന്ന പലവിധ രോഗാണുക്കൾ പോലും അവന് കീഴ്പ്പെട്ടിരുന്നു. ആകയാൽ യാതൊരു വിധ രോഗവും പിടിപ്പെട്ടിരുന്നില്ല. അങ്ങനെയെല്ലാനിലയിലും സമ്പൂർണ്ണൻ ആയ മനുഷ്യനെയാണ് ദൈവം സൃഷ്ടിച്ചത്.

1 യോഹ. 3:2 "അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താനിരിക്കുമ്പോലെ തന്നെ കാണുന്നതാകകൊണ്ട് അവനോട് സാദൃശ്യന്മാരാകുമെന്ന് നാം അറിയുന്നു." പാപം മൂലം ദൈവതേജസ്സ് നഷ്ടപ്പെട്ട മനുഷ്യനെ വീണ്ടും ജനനം മൂലം കർത്താവിന്റെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച് നഷ്ടപ്പെട്ട തേജസ്സ് വീണ്ടെടുക്കുവാൻ കഴിയും.

ദൈവം മനുഷ്യനെ സൃഷ്ടിക്കുമ്പോൾ ഹവ്വ അവനിൽ മറഞ്ഞിരുന്നുവെന്നും ഒരു ഗാഢനിദ്ര വരുത്തി ആദമിൽ നിന്ന് ഒരു വാരിയെല്ലെടുത്ത് ഹവ്വായെ സൃഷ്ടിച്ചതായി വചനം പറയുന്നു. ആലങ്കാരികമായി പറഞ്ഞാൽ താഴെ പറയുന്ന പുല്ലിംഗമായ ഇംഗ്ലീഷ് പദങ്ങൾ പരിശോധിച്ചാൽ ഒന്നോ രണ്ടോ അക്ഷരങ്ങൾ മാത്രം ചേർത്താൽ ആ വാക്കുകൾ സ്ത്രീലിംഗമായി മാറുന്നു.

ഉദാ: 1. Man-Woman 2. Men-Women 3. Lad-Lady (Lad=ബാലൻ) 4. He-Her/She 5. Adam-Madam

ഇങ്ങനെ ദൈവീക സൃഷ്ടിയിൽ ഏറ്റവും ശ്രേഷ്ടമായതും വിലയേറിയതും മനുഷ്യസൃഷ്ടിപ്പാണെന്ന് നിസ്സംശയം വെളിവാകുന്നു. ■

## യുവതികൾക്കായി ദ്വിദിന റിട്രീറ്റ്

**വയനാട്:** 12 മുതൽ 25 വയസു വരെയുള്ള യുവതികൾക്കു വേണ്ടിയുള്ള ദ്വിദിന റിട്രീറ്റ് സെപ്റ്റംബർ 11,12 തീയതികളിൽ സുൽത്താൻ ബത്തേരി ചുള്ളിയോട് റോഡിലുള്ള ബഥേൽ ആശ്രമത്തിൽ നടക്കും. സിസ്റ്റർ ലില്ലി ജി.ഉണ്ണി (ഡെറാഡൂൺ), ഡോ.പ്രീത സാലു (മലപ്പുറം) എന്നിവർ ക്ലാസ്സുകൾ നയിക്കും. സിസ്റ്റർ മേഴ്സി വില്യംസ് (കോഴിക്കോട്) സംഗീത ശുശ്രൂഷ നയിക്കും. 50 രൂപയാണ് പ്രവേശന ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക്: 9446836747, 9544118094, 9496604789.

# പാസ്റ്റർമാർക്ക് സാമ്പത്തിക സഹായം നൽകാനുള്ള തീരുമാനവുമായി ആന്ധ്രാപ്രദേശ് സർക്കാർ



**അമരാവതി:** ആന്ധ്രാപ്രദേശിലെ എല്ലാ പാസ്റ്റർമാർക്കും എല്ലാ മാസവും 5000 രൂപ വീതം സാമ്പത്തിക സഹായം നൽകാൻ സർക്കാർ തീരുമാനം. ഇത് സംബന്ധിച്ചുള്ള പ്രഖ്യാപനം സംസ്ഥാന മുഖ്യമന്ത്രി ജഗൻമോഹൻ റെഡ്ഡി നടത്തിയിരുന്നു. 15 ദിവസത്തിനകം അവിടെയുള്ള പാസ്റ്റർമാരുടെ സർവ്വേ നടത്താൻ ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകി. ഓഗസ്റ്റ് 27-നു ആന്ധ്രാ സർക്കാർ പുറത്തിറക്കിയ പത്രക്കുറിപ്പിലാണ് സംസ്ഥാനത്തെ പാസ്റ്റർമാർക്ക് 5000 രൂപ ഓണറേറിയം നൽകാൻ എല്ലാ ജില്ലാ കലക്ടർമാരെയും മജിസ്ട്രേറ്റുമാരെയും അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിരിക്കുന്നത്. എത്രയും വേഗം ഇത് നടപ്പാക്കാനും നിർദ്ദേശമുണ്ട്. കഴിഞ്ഞ തിരഞ്ഞെടുപ്പ് സമയത്ത് ജഗമോഹൻ നൽകിയ വാഗ്ദാനമാണ് ഇപ്പോൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നത്. ഈ സഹായം ആന്ധ്രാപ്രദേശിലെ ക്രിസ്ത്യൻ സഭകൾക്ക് വളരെ ആശ്വാസകരവും പ്രയോജനകരവുമായ പദ്ധതിയാണ്. അതേസമയം, സർക്കാരിന്റെ ഈ നടപടിക്കെതിരെ രൂക്ഷ വിമർശനവുമായി ബിജെപി രംഗത്തെത്തി. ഇത്തരത്തിലുള്ള സഹായം എന്തുകൊണ്ടു നൽകുന്നു എന്നാണ് ബിജെപി വക്താവ് ലങ്ക ദിനകറിന്റെ ചോദ്യം.

# ക്രിസ്തീയ വിശ്വാസത്തിൽനിന്നു വ്യതിചലിച്ചിട്ടില്ല: ആസിയ ബീബി



**കാനഡ:** മതനിന്ദാ കുറ്റം ആരോപിച്ച് എട്ടു വർഷത്തോളം മരണവും കാത്ത് ജയിലിൽ കഴിഞ്ഞതിനു ശേഷം ഈ വർഷം മോചിതയായ പാക്കിസ്ഥാനി ക്രിസ്ത്യൻ വനിത ആസിയ ബീബി മാധ്യമങ്ങൾക്കു നൽകിയ ആദ്യ അഭിമുഖം പുറത്തുവന്നു. പീഡനത്തിന്റെ കാലഘട്ടങ്ങളിൽ തന്റെ ക്രൈസ്തവ വിശ്വാസത്തിൽ നിന്നു ഒരിക്കലും വ്യതിചലിച്ചിട്ടില്ലെന്നും തന്റെ പെൺമക്കൾ തന്നെ ജയിലിൽ സന്ദർശിച്ചപ്പോൾ ഒരിക്കൽ പോലും താൻ അവരുടെ മുമ്പിൽവച്ച് കരഞ്ഞിട്ടില്ലെന്നും സൺഡേ ടെലിഗ്രാഫിനു അനുവദിച്ച അഭിമുഖത്തിൽ ആസിയ പറഞ്ഞു. ജയിൽ മോചിതയായതിനു ശേഷം ആസിയ നൽകിയ ആദ്യത്തെ അഭിമുഖമാണിത്. പെട്ടെന്നുള്ള സ്വാതന്ത്ര്യത്തിനു പകരമായി തന്റെ ക്രൈസ്തവ വിശ്വാസം ഉപേക്ഷിക്കാൻ വിസമ്മതിച്ച ആസിയ 'ധീരയായ സ്ത്രീയും സ്നേഹനിധിയായ അമ്മയുമാണ്' എന്ന് സ്ലോവാക് രാഷ്ട്രീയക്കാരനും മതസ്വാതന്ത്ര്യത്തിനായുള്ള യൂറോപ്യൻ യൂണിയന്റെ പ്രതിനിധിയുമായ ജാൻ ഫിഗൽ പറഞ്ഞു.

പാക്കിസ്ഥാനിലെ മതനിന്ദാകുറ്റം പിൻവലിക്കണമെന്നും വ്യാജ മതനിന്ദയുടെ പേരിൽ അന്യായമായി ജയിലിൽ കഴിയുന്ന എല്ലാവരും മോചിപ്പിക്കപ്പെടുന്നതിനായി സർവ്വശക്തൻ അവരെ സഹായിക്കട്ടെ എന്നാണ് തന്റെ പ്രാർത്ഥനയെന്നും ആസിയ പറഞ്ഞു. നിയമം ചുമത്തുന്നതിനു മുമ്പ് ശരിയായ വിധത്തിലുള്ള അന്വേഷണം നടത്തുന്നതിനുള്ള സംവിധാനം ആവശ്യമാണ്. ശക്തമായ തെളിവുകളുടെ അഭാവത്തിലാണ് മതനിന്ദാക്കുറ്റം ചുമത്തുന്നതെന്നും ഇത് പിൻവലിക്കപ്പെടണമെന്നും ആസിയ ബീബി പറഞ്ഞു. 2009-ൽ ജോലിക്കിടെ കുടിവെള്ളം സംബന്ധിച്ച് അയൽക്കാരായ സ്ത്രീകളുമായുണ്ടായ തർക്കമാണ് മതനിന്ദയായി വ്യാജക്കേസ് ഉണ്ടാക്കി ആസിയയെ ജയിലിലടച്ചത്. 2010-ൽ പാക്കിസ്ഥാൻ കോടതി വധശിക്ഷ വിധിച്ചെങ്കിലും അന്താരാഷ്ട്ര സമൂഹത്തിന്റെയും മനുഷ്യാവകാശ പ്രവർത്തകരുടെയും ശക്തമായ സമ്മർദ്ദം മൂലം 2018-ൽ പാക് സുപ്രീം കോടതി ആസിയയെ കുറ്റവിമുക്തയാക്കുകയായിരുന്നു. എന്നാൽ ഇതെ തുടർന്ന് ഇസ്ലാമിക സംഘടനകൾ വൻ ആക്രമണങ്ങൾ അഴിച്ചുവിട്ടു. വധഭീഷണി നിലനിൽക്കുന്നതിനാൽ ആസിയ ബീബിക്ക് ഒടുവിൽ കാനഡ അഭയം നൽകുകയായിരുന്നു. ആസിയയും കുടുംബവും പിന്നീട് യൂറോപ്യൻ രാജ്യത്തേക്ക് (രാജ്യം വ്യക്തമാക്കിയിട്ടില്ല) മാറി താമസിക്കുവാൻ താൽപ്പര്യപ്പെടുന്നതായും റിപ്പോർട്ടുകളുണ്ട്.

2019
SEPTEMBER
VOL. 4, ISSUE-9
Posted at RMS CHANGANACHERY

# CHRISTIAN FOCUS MONTHLY

Karukachal P.O., Kottayam Dist., Kerala-686 540
**Phone: 0481 2488449, 09562247565, 08606695830**
Annual subscription ₹ 120/- only

P.B. NO: 10
KARUKACHAL P.O.
KOTTAYAM, KERALA
PIN : 686 540

E-mail: christianfocusira@gmail.com

# മതസ്വാതന്ത്ര്യം ഉറപ്പാക്കാൻ ശ്രമിക്കുമെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി



**യു.കെ:** മതസ്വാതന്ത്ര്യം നേടിയെടുക്കാൻ സാധ്യമായതെല്ലാം ചെയ്യുമെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ. എല്ലാവർക്കും എല്ലായിടത്തും മതസ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയുന്നുണ്ട് എന്നുറപ്പാക്കാൻ അന്താരാഷ്ട്ര സ്വാധീനം ഉപയോഗിക്കുമെന്നും മതപരമായ പീഡനകളിൽ നിന്നും ആളുകളെ സംരക്ഷിക്കുന്നതിനായി ട്രൂറോയിലെ ആഗ്ലിക്കൻ ബിഷപ്പ് മുമ്പോട്ടുവച്ച ശുപാർശകൾ യു.കെ. നടപ്പാക്കുമെന്നും ബോറിസ് ജോൺസൺ പറഞ്ഞു. മതവിശ്വാസത്തിന്റെ പേരിൽ പീഡനത്തിനിരയായവരെ അനിസ്മരിക്കുന്നതിനായുള്ള പ്രത്യേക ദിനാചരണത്തിന്റെ ഭാഗമായി ഒഗസ്റ്റ് 22-നു ന്യൂയോർക്കിൽ ഐക്യരാഷ്ട്രസഭ സംഘടിപ്പിച്ച സമ്മേളനത്തിൽ അന്താരാഷ്ട്ര പ്രതിനിധികളുടെ കൂടിക്കാഴ്ചയിലാണ് ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ പ്രസ്താവന പ്രതിനിധി താരിഖ് ലോർഡ് അഹമ്മദ് വായിച്ചത്. ലോകത്തെങ്ങും ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്ന ജനവിഭാഗം ക്രൈസ്തവരാണെന്ന വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ അതെക്കുറിച്ച് സ്വതന്ത്ര അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ട്രൂറോയിലെ ആംഗ്ലിക്കൻ ബിഷപ്പിനെ ചുമതലപ്പെടുത്തിയിരുന്നു.

മതപരമോ വംശീയമോ ന്യൂനപക്ഷ വിഷയമായോ ബന്ധപ്പെട്ട സായുധ ആക്രമണങ്ങളിൽ നിന്നും സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുവാൻ സാദ്ധ്യമായതെല്ലാം ചെയ്യുമെന്ന് പ്രധാനമന്ത്രി ഉറപ്പു നൽകി. ഐക്യരാഷ്ട്രസഭ സെക്യൂരിറ്റി കൗൺസിൽ സ്ഥിര അംഗത്വമുൾപ്പടെയുള്ള നയതന്ത്രപരമായ മാർഗ്ഗങ്ങൾ ഇതിനായി ഉപയോഗിക്കുമെന്നും അദ്ദേഹത്തിന്റെ പ്രസ്താവനയിൽ വ്യക്തമാക്കുന്നു. സായുധ സംഘട്ടനങ്ങൾ, കൂട്ടക്കൊലകൾ, ആക്രമണങ്ങൾ തുടങ്ങി ദൈനംദിന വിവേചനം വരെ നിരവധി വെല്ലുവിളികൾ മതന്യൂനപക്ഷങ്ങൾ നേരിടുന്നു. ഫിലിപ്പൈൻസ് മുതൽ ബുർക്കിനോ ഫാസോ വരെയും ന്യൂസിലാന്റ് മുതൽ ശ്രീലങ്ക വരെയുമുള്ള ആരാധനാലയങ്ങൾക്കെതിരായി ഈ വർഷം നടന്ന ഭീകരാക്രമണങ്ങൾ മതത്തിന്റെയോ വിശ്വാസത്തിന്റെയോ പേരിൽ അടിസ്ഥാന മനുഷ്യാവകാശത്തിനു നേരെയുള്ള ഭീഷണിയാണെന്നും മതപരമായ അസഹിഷ്ണുതയും വിദ്വേഷവും ഇല്ലാത്ത ഒരു ലോകം കെട്ടിപ്പടുക്കുന്നതിനും തങ്ങൾ പ്രതിജ്ഞാ ബദ്ധരാണെന്നും ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ പ്രസ്താവനയിൽ പറയുന്നു.

## ബത്തേരി പിപിഎഫ് യോഗം

**വയനാട്:** സുൽത്താൻ ബത്തേരി പാസ്റ്റേഴ്സ് പ്രെയർ ഫെലോഷിപ് യോഗം സെപ്റ്റംബർ 2-നു വരിക്കേരി ഐപിസി സഭയിൽ നടന്നു. പ്രസിഡന്റ് പാസ്റ്റർ സാം തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പിപിഎഫ് വൈസ് പ്രസിഡന്റ് പാസ്റ്റർ ജോസ് ശാമുവേൽ പ്രസംഗിച്ചു.

പാസ്റ്റർ കെ.എം.സുരേഷ് (സെക്രട്ടറി) മുൻ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പൊതുവായ ചില വിഷയങ്ങൾക്കുവണ്ടി പ്രത്യേക പ്രാർത്ഥന, ചർച്ച എന്നിവയും നടന്നു. പാസ്റ്റർ പി.എം. ചാക്കോ വരിക്കേരി സഭയിൽ ശുശ്രൂഷിക്കുന്നു. പിപിഎഫ് ഉപവാസ പ്രാർത്ഥനാ യോഗം ഒക്ടോബർ 8-നു അമ്മായിപ്പാലം ബഥേൽ ഗോസ്പൽ അസംബ്ലി ചർച്ചിൽ നടക്കും.

## പരീക്ഷകൾ നേരിടുമ്പോൾ...... 5-ാം പേജിൽനിന്നും തുടർച്ച

ശേഷം മൂന്നാം അദ്ധ്യായത്തിൽ നിക്കോദിമോസ് ചിന്തിക്കുന്നത് അമ്മയുടെ ഉദരത്തിൽ രണ്ടാമതും കടന്ന് ജനിക്കണമെന്നുള്ള തെറ്റായ ചിന്തയാണ്. ഇത് ജഡത്താലുള്ള ജനനമല്ല, ഇത് ഉയരത്തിൽ നിന്നുള്ള ജനനമാണ് (യോഹന്നാൻ 3:1-7). ഇത് ദൈവീക പ്രവർത്തിയാണ്. നാം ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ദൈവം നമുക്കായി അത്ഭുതം ചെയ്യുകയാണ്. ഇത് ദൈവവചനത്താലുള്ള ജനനമാണ്. ദൈവത്തിന്റെ ആത്മാവ് ദൈവവചനത്താൽ നമ്മെ ജനിപ്പിക്കുകയാണ്. "ജഡത്താൽ ജനിച്ചത് ജഡമാകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവ് ആകുന്നു" (യോഹ. 3:6). "കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു (1 പത്രോസ്1:23). ദൈവത്തിന്റെ ആത്മാവ് ദൈവവചനത്താൽ വീണ്ടും ജനനമെന്ന അത്ഭുതം നമ്മിൽ ചെയ്യുകയാണ്. കാരണം ദൈവത്തിന്റെ വചനം ജീവനുള്ളതും ശക്തിയേറിയതുമാണ് (എബ്രാ. 4:12). വചനത്താലുള്ള ഈ വീണ്ടും ജനനത്തിന്റെ അനുഭവം പരീക്ഷകളെ അതിജീവിക്കുവാൻ നമ്മെ സഹായിക്കും. പരാജയപ്പെട്ട ആദാമിൽ നിന്നാണ് നമ്മുടെ പഴയ ശരീരം (ജഡം) നാം സ്വീകരിച്ചത്. എന്നാൽ നാം ഒരു പുതിയ ശരീരം (വീണ്ടും ജനനത്തിൽ) പ്രാപിച്ചാൽ നാം വിജയികളാകും, കാരണം പുതിയത് യേശുവിൽ നിന്നുള്ളതാണ്, അവൻ ജയാളിയാണ്.

തീർച്ചയായും സത്യവചനത്താൽ വീണ്ടും ജനനം പ്രാപിച്ചവർ ദൈവവചനത്തെ ദിനംതോറും ഭക്ഷിക്കുന്നവരായിരിക്കും. അത് ആത്മീക യുദ്ധത്തിൽ അവരെ ശക്തിയും ധൈര്യവുമുള്ളവരാക്കി തീർക്കുന്നു. പരിശുദ്ധാത്മാവ് സത്യവചനത്താൽ നമ്മെ വീണ്ടും ജനിപ്പിച്ചതുപോലെ വചനത്താൽ ആത്മീകബലവും നൽകുന്നു. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കും" (മത്തായി 4:4).

നമ്മുടെ ആഗ്രഹങ്ങളും മോഹങ്ങളുമാണ് പരീക്ഷയിലേയ്ക്കും പാപത്തിലേയ്ക്കും നമ്മെ നയിക്കുന്നത്. ഒരു കാരണത്താലും ദൈവത്തിൽ ദോഷം നിരൂപിക്കാൻ പാടില്ല. എന്നാൽ പരീക്ഷകൾ വരുമ്പോൾ ഈ മൂന്നു കാര്യങ്ങളിലൂടെ-ദൈവീക ന്യായവിധിയെ ഓർക്കുക, ദൈവത്തിന്റെ എല്ലാ നല്ല ദാനങ്ങളും ഓർക്കുക, വീണ്ടും ജനനത്തിന്റെ അത്ഭുതത്തെ ഓർക്കുക- നമുക്ക് പരീക്ഷകളെ അതിജീവിക്കുവാൻ കഴിയും. ഇവയിലൂടെ നാം പരീക്ഷകളെ അതിജീവിച്ചാൽ നമുക്ക് കിരീടം (1:12), അല്ലായെങ്കിൽ മരണം (1:15). അതുകൊണ്ട് ക്രിസ്തീയ ജീവിതത്തനലെ പരീക്ഷകളെ അതിജീവിച്ച് നാഥന്റെ വരവിനായി കാത്തിരിക്കാം. കാന്തൻ വരാറായി. ▪




*Printed and published by Sabu M. Joseph on behalf of India Revival Assembly Trust. Printed at Mangalam Publications (India) Pvt.Ltd., S.H. Mount P.O., Kottayam-686006, Kerala Published from IRA Head Office, Karukachal P.O., Kottayam Dist., Kerala-686 540. Editor: Varghese P. Joseph. Layout & Design: Press Graphix, Sulthan Bathery @ 9744686596*